കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# ചേർപ്പ് ഗ്രാമ പഞ്ചായത്ത്
# 2018-19
# ഓഡിറ്റ് റിപ്പോർട്ട്

ജില്ലാ ഓഡിറ്റ് കാര്യാലയം,തൃശ്ശൂർ

e-mail: dotsr.ksad@kerala.gov.in.

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നം.കെ.എസ്.എ.ടി.എസ്.ആർ.(പി.2) 1784/2019

കേരളാ സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ - 680 020
Ph.No.0487 2331249
e-mail:dotsr.ksad@kerala.gov.in
തിയ്യതി.07/02/2020

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

ചേർപ്പ് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം: ചേർപ്പ് ഗ്രാമപഞ്ചായത്ത് 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*****

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചേർപ്പ് ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1-ലെ 23, 27, 29 എന്നീ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23,1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

<u>പകർപ്പ് :</u>

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ
3) കാര്യാലയ പകർപ്പ്

നം. കെ.എസ്.എ.ടി.എസ്.ആർ(പി2)1784/2019 തിയ്യതി.07/02/2020

തൃശ്ശൂർ ജില്ലയിലെ ചേർപ്പ് ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം – വകുപ്പ് 13, 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ ചേർപ്പ് ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.04.2018 മുതൽ 31.03.2019 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 2018-19 വർഷത്തെ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 24 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 16 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയുംചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന്ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | മേരി ഹണി ജോസഫ്, ഡെപ്യൂട്ടിഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 21.11.2019 മുതൽ 28.11.2019 വരെ |

| | |
|---|---|
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ലിസി.ടി.ജെ ഓഡിറ്റ് ഓഫീസർ(ഹഗ്രേ) |
| | ശിവദാസൻ.എ.കെ. അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | വിദ്യവിക്രമൻ അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | വിദ്യ ഒ.കെ., ഓഡിറ്റർ ജോയ്സൺ.സി.ജെ ഓഡിറ്റർ (25.11.2019 മുതൽ 29.11.2019 വരെ) |

ബി) നിർവ്വഹണാധികാരികൾ

| | പേര് | കാലയളവ് |
|---|---|---|
| പ്രസിഡന്റ് | സി.കെ.വിനോദ് | 01.4.2018-31.3.2019 |
| സെക്രട്ടറി | എൻ. ഹരികുമാർ | 01.4.2018-31.01.19 |
| | ശാന്തി.കെ(സെക്രട്ടറി ഇൻ ചാർജ്) | 1.02.2019-12.03.2019 |
| | ദിനേഷ് എം.കെ | 13.03.2019-31.03.2019 |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | സാബു ജോർജ്ജ് | 01.04.18മുതൽ 10.04.18 വരെ |
| | ശാന്തി.കെ | 11.04.18 മുതൽ 31.03.19 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ഭാവന.പി.യു. | 01.04.2018-31.03.2019 |
| കൃഷി ഓഫീസർ | കവിത.ജി. | 01.04.2018-31.3.2019 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | രതി.കെ. | 1.4.2018-12.04.2018 |
| | റോസ് മോൾ എം.എസ് | 13.04.2018-31.03.2019 |
| മെഡിക്കൽഓഫീസർ, സി.എച്ച്.സി. | ഡോ.മനു.എം.ഗോപാൽ. | 1.4.2018-10.09.2018 |
| | ഡോ.ലക്ഷമിപ്രിയ | 11.09.18-31.3.2019 |
| മെഡിക്കൽഓഫീസർ, ആയുർവേദം | ഡോ.സുജിത്ത്.കെ. | 01.04.2018-31.3.2019 |
| വെറ്ററിനറി സർജൻ | ഡോ.എം.ബീന | 01.4.2018-31.3.2019 |
| വി.ഇ.ഒ., എട്ടുമന | സിമി.എ.എം. | 1.4.2018-27.05.2018 |
| | സൂനജ്കുമാർ ടി.എച്ച് | 28.05.2018-22.09.2018 |
| | സിമി.എ.എം. | 23.09.18-26.12.2018 |
| | സൂനജ്കുമാർ ടി.എച്ച് | 27.12.18-28.02.2019 |
| | സിമി.എ.എം. | 29.02.19-31.03.2019 |
| വി.ഇ.ഒ,ചേർപ്പ് | അഖില.എം.എസ് | 1.4.2018-18.05.2018 |
| | സിമി.എ.എം. | 19.05.18-08.07.2018 |
| | അഖിലഎം.എസ് | 09.07.18-31.03.2019 |
| വി.ഇ.ഒ., ഊരകം | സിമി.എ.എം. | 1.4.2018-28.02.2019 |
| | അഖില.എം.എസ് | 28.02.19 – 31.03.19 |
| എച്ച്.എം | സുമ ഒ.എസ് | 1.4.2018-04.06.2018 |
| | നിർമല പി.പി (ഇൻ ചാർജ്ജ്) | 05.06.2018-24.06.2018 |
| | ഷീല ടി.ജി | 25.06.2018-31.03.2019 |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് പരിശോധന | 1-9 |
| | | |

| | | |
|---|---|---|
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-12 |
| 13 | വസ്തുനികുതി കുറവായി നിർണ്ണയിച്ചിരിക്കുന്നു | 1-13 |
| 14 | വസ്തുനികുതി കുടിശ്ശിക ഈടാക്കേണ്ടതാണ് | 1-14 |
| 15 | തൊഴിൽനികുതി ഈടാക്കിയതിൽ കുറവ് | 1-15 |
| 16 | രശീതി പരിശോധന അപാകതകൾ | 1-16 |
| 17 | ഇ-ടെണ്ടർ ഫീസ് വരവ് വന്നിട്ടില്ല | 1-17 |
| 18 | മാർക്കറ്റ് നവീകരണം -എസ്റ്റിമേറ്റ്, ആർക്കിടെക്ച്ചറൽ ഡിസൈൻ , ടെക്നിക്കൽ റിപ്പോർട്ട് എന്നിവക്കായി തൃശ്ശൂർ എഞ്ചിനീയറിംഗ് കോളേജുമായി കരാർ ഒപ്പിട്ടു. ആദ്യഘട്ടം 12 ലക്ഷം രൂപ കൈമാറി തുടർനടപടികളില്ല | 1-18 |
| 19 | പെരുവനം ചിറ തടയണ തുറക്കൽ, അടക്കൽ എന്ന പദ്ധതിയെപ്പറ്റിയുള്ള പരാമർശങ്ങൾ | 1-19 |
| 20 | ഓഡിറ്റ് വർഷം തെരുവു വിളക്ക വാങ്ങൽ എന്ന പ്രോജക്ടിലുൾപ്പെടുത്തി തനതു ഫണ്ടിൽ നിന്നും മെയിന്റനൻസ് ഗ്രാന്റിൽ നിന്നുമായി 650168 രൂപ ചെലവിട്ടിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട ഓഡിറ്റ് നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു. | 1-20 |
| 21 | ചെലവഴിക്കാതെ ബാക്കി നിൽക്കുന്ന തുക തിരികെ അടക്കേണ്ടതാണ്. ആകെ എട്ടു ലക്ഷം രൂപയിൽ 6197 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. | 1-21 |
| 22 | ഗുണഭോക്തൃ വിഹിതം രസീതില്ലാതെ പിരിച്ചത് നിയമപരമല്ലാത്ത നടപടി | 1-22 |
| 23 | പട്ടിക ജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വിതരണം-ടെണ്ടർ നടപടികളിലെ അപാകത | 1-23 |
| 24 | ഓഡിറ്റ് വർഷം എച്ച്.എം നടപ്പിലാക്കിയ രജിസ്റ്റേർഡ് യുവജനക്ലബ്ബുകൾക്ക് കായിക വികസനം എന്ന പ്രോജക്ടിൽ 100621 രൂപ തനത് ഫണ്ടിനത്തിൽ ചിലവുണ്ട്. ഓഡിറ്റ് നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു. | 1-24 |
| 25 | സെക്രട്ടറി നടപ്പിലാക്കിയ പ്രോജക്ടുകളുടെ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. | 1-25 |
| 26 | ഉപകരണങ്ങളുടെ സർവ്വീസ് സംബന്ധിച്ച് | 1-26 |
| 27 | വൃദ്ധർക്ക് കട്ടിൽ വിതരണം -ടെണ്ടർ നടപടികളിലെ അപാകതകൾ | 1-27 |
| 28 | ഭവന നിർമ്മാണം - ആദ്യഗഡുകൈപ്പറ്റി, തുടർ ഗഡുക്കൾ കൈപ്പറ്റി ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല | 1-28 |
| 29 | കൃഷ്ണൻമാസ്റ്റർ റോഡ് കോൺക്രീറ്റിങ്ങ്- പാതിവഴിയിൽ ഉപേക്ഷിച്ച പ്രവൃത്തി | 1-29 |
| 30 | ആയുർവ്വേദാശുപത്രി നിർമ്മാണം | 1-30 |

| | | |
|---|---|---|
| | പൂർത്തീകരിച്ചില്ല | |
| 31 | ധനകാര്യ കമ്മീഷൻ അവാർഡ് പദ്ധതി മാർഗ്ഗരേഖയ്ക്കുവിരുദ്ധമായി ചെലവഴിച്ചു | 1-31 |
| 32 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി-അവലോകനം | 1-32 |
| 33 | കമ്മ്യൂണിറ്റി ഹാൾ വാടക വർദ്ധിപ്പിച്ചത് അടവാക്കിയിട്ടില്ല | 1-33 |
| 34 | ഫോറസ്റ്റ് കൺസർവേറ്ററുടെ വാല്യുവേഷനേക്കാൾ കുറഞ്ഞനിരക്കിൽ മരം ലേലം ചെയ്തു. | 1-34 |
| | ഭാഗം 4 | |
| 35 | സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം. | 4-1 |
| 36 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 37 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 38 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 39 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 40 | ഓഡിറ്റ് റിക്കവറി | 4-6 |
| 41 | ഓഡിറ്റ് പ്രത്യവലോകനം | 4-7 |
| 42 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 43 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-9 |
| 44 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം-1 |
| 45 | ഓഡിറ്റ് സംക്ഷിപ്തം | അനുബന്ധം-2 |

# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജറ്റ്

24-03-2018 തീയതിയിലെ 1(1)-ാം നമ്പർ തീരുമാനപ്രകാരം ബജറ്റ് അംഗീകരിച്ചിട്ടുണ്ട്. ആയതു പ്രകാരം പ്രതീക്ഷിത വരവ് 353123737.84 രൂപയും ചെലവ് 30736000/- രൂപയും.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | സ്വീകരിച്ച തീയതി |
|---|---|---|---|
| 31-07-2019 | 17.05.19 | 19.5.19 | 7.06.19 |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 24.07.2019-25.07.2019 | കെ.എസ്.എ.ടി.എസ്.ആർ.(എസ്.1)1120/19/09.08.2019 |

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 18674427.84 |
| വരവ് | 109505716.00 |
| ആകെ | 128180143.84 |
| ചെലവ് | 84078946.00 |
| നീക്കിയിരിപ്പ് | 44101197.84 |

# 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | 0 | 16862597 | 16862597 | 16862597 | 0 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | 0 | 10928307 | 10928307 | 10928307 | 0 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 0 | 4530430 | 4530430 | 4530430 | 0 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 3778743 | 3778743 | 3778743 | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 0 | 9326050 | 9326050 | 9326050 | 0 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 49205 | 3639602 | 3688807 | 2344906 | 1343901 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 17575647 | 22276157 | 39851804 | 14637701 | 25214103 |
| | ട്രഷറി അക്കൗണ്ട് | 975903 | 34964216 | 35940119 | 21471167 | 14468952 |
| JVSTSB | | -1884057 | 7343512 | 5459455 | 3850329 | 1609126 |

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്റ്റുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 210 | 106162382 | 131 | 61853332 | 68 | 11 | 62% |

# 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 3965 | 544363 | 548328 | 548328 | 0 |
| | | | | | |

| | | | | | |
|---|---|---|---|---|---|
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 25173313 | 25173313 | 25173313 | 0 |

# 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 5760 | 4 |
| കർഷകതൊഴിലാളി പെൻഷൻ | 5158500 | 388 |
| വിധവാപെൻഷൻ | 28420900 | 2473 |
| വാർദ്ധക്യകാലപെൻഷൻ | 25231700 | 1941 |
| വികലാംഗപെൻഷൻ | 4397400 | 353 |
| 50 വയസ്സിന് മുകളിലുള്ള അവിവാഹിത പെൻഷൻ | 3130800 | 248 |
| സാധുക്കളായ വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം | 180000 | 6 |

# 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 23.11.19 തിയതിയിൽ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 6428/- രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

# 1-10 ആഭ്യന്തരനിയന്ത്രണം

ബജറ്റിലെ വകയിരുത്തലുകൾക്കനുസരിച്ച് സാംഖ്യയിൽ നിയന്ത്രണമേർപ്പെടുത്താത്തതിനാൽ വരവ് ചെലവുകളെ നിയന്ത്രിക്കുന്നതിന് യാന്ത്രികമായ ബജറ്ററി നിയന്ത്രണം നിലവിൽ ഇല്ല.ഓരോ വർഷവും ആർജ്ജിക്കുന്ന ആസ്തികൾ ഉൾപ്പെടുത്തി ആസ്തിരജിസ്റ്റർ കാലികമാക്കുന്നില്ല.പദ്ധതികളുടെ പുരോഗതി, പൂർത്തിയാക്കിയ പദ്ധതികളുടെ അവലോകനം എന്നിവ പഞ്ചായത്ത് കമ്മിറ്റി വിലയിരുത്തുന്നതായി കാണുന്നില്ല.

ഫ്രണ്ട് ഓഫീസിലെ ചുമതലകൾ നിർവ്വഹിക്കാനായിട്ടുള്ള ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി രജിസ്റ്ററിൽ കൃത്യമായ രേഖപ്പെടുത്തലില്ല. എല്ലാ ദിവസങ്ങളിലും പ്രവർത്തനചുമതല കൈമാറിയതായി കാണുന്നില്ല. ക്യാഷ് ബാലൻസ്, ഉപയോഗിക്കാത്ത ക്യാഷ് രശീതി, ചുമതല കൈമാറുന്ന ഉദ്യോഗസ്ഥന്റെയും ചുമതല ഏറ്റെടുത്ത ഉദ്യോഗസ്ഥന്റെയും വിവരങ്ങൾ എന്നിവ ചേർത്തിട്ടില്ല. മേൽ വിവരങ്ങൾ കൈമാറിയതായി ഫ്രണ്ട് ഓഫീസ് സൂപ്പർവൈസർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല

ഉദാ: 06.04.2018, 07.04.2018, 09.04.2018, 10.04.2018, 13.04.2018, 18.04.2018, 20.04.2018, 02.05.2018, 11.06.2018, 12.06.2018, 17.08.2018, 18.08.2018, 21.08.2018, 15.12.2018, 17.12.2018

മേൽ അപാകതകൾ ശ്രദ്ധയിൽ പെടുത്തുന്നു.

# 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 26.08.2019/27.08.19 | 4/2019-6/2019 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 25.3.2015-17.4.2015 | 2009 മുതൽ 2013-2014 വരെ | 01.6.2015 |

# 1-12 വാർഷികകണക്കുകളിലെ അപാകതകൾ

1.വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.(കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011,ചട്ടം 62 (എഫ്))

2.വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "സാംഖ്യ"യിൽ ഡിമാന്റ് ആയി ചേർക്കുന്നത്. വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "സാംഖ്യ" സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "സാംഖ്യ" സോഫ്റ്റ്‌വെയർ -ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

<u>2.1തൻവർഷം</u>

2.1.1റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 3362394 | 2826293 | 312000 | 239762 |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | 3362394 | 2826293 | 317316 | *240085 |
| | (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ ആർ.പി-43) | (350410101- Advance collection-PT on Res. bldg-ന്റെ ലെഡ്ജർ) | *(252050/105X 100)= (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)ചെറിയ തുക വ്യത്യാസം, റൗണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു |

2.1.2നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 4583279 | 3968906 | 297188 | 460488 |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | 4583279 | 3907754 | 281984 | *393649 |
| | (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | (350410104- Advance collection-PT on NR bldg-ന്റെ ലെഡ്ജർ) | *(413332/105X 100) (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

<u>2.2കുടിശ്ശിക</u>

2.2.1റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 961930 | 747271 | 225213 |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | 850346 | 741025 | **225735 |
| | *(2017-18 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (552158+340706= 892864/105*100) | (റസീറ്റ് & പേയ്മെന്റ് പത്രിക , ഷെഡ്യൂൾ ആർ.പി-43) | **(ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (237022/105X100)= 225735 |

2.2.2നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 1491867 | 1035133 | 460488 |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | 2116334 | 1035133 | 460714 |
| | (2017-18 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) * (604327+1617824= 2222151/105* 100) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | ** (483750/105X100)=........, ചെറിയ തുക വ്യത്യാസം, റൗണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു. (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

<u>2.3ലൈബ്രറി സെസ്സ് (തൻവർഷം +കുടിശ്ശിക)</u>

| | | ഡിമാന്റ് | | | കളക്ഷൻ | | | മുൻകൂർ ക്രമീകരിച്ചത് | ഡിമാന്റ് കുറവ് ചെയ്തത് | ബാക്കി | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | തൻ വർഷം | കുടി ശ്ശിക | ആകെ | തൻ വർഷം | കുടി ശ്ശിക | ആകെ | | | തൻ വർഷം | കുടി ശ്ശിക | ആകെ |
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | റെസിഡൻഷ്യൽ | 171438 | 50914 | 222352 | 143191 | 37907 | 181098 | 16309 | | 11809 | 12328 | 24450 |
| | നോൺ-റെസിഡൻഷ്യൽ | 232059 | 75980 | 308039 | 199271 | 52054 | 251325 | 15130 | | 19791 | 23262 | 39711 |
| | ആകെ | | | 530391 | | | 432423 | 31439 | | | | 64161 |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | | | | 194251 | | | 429619 | | | | | 77078 |
| | | 156418+37863 =(2017-18ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ, ബി-15,431910101 -State govt . Cess/levies...... ലെഡ്ജർ 2018-19) | | | (റസീറ്റ് & പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ ആർ.പി-36(വരവ്)) | | | | (431910101 - State govt . Cess/levies...... ലെഡ്ജർ 2018-19) | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) | | |

2.4."സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് -(കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല. (ഉദാ:2.1.1, 2.1.2, 2.2.1,.2.2.2, 2.3 എന്നി ഖണ്ഡികയിലെ പട്ടികകൾ).

2.5 ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 "Other liabilities" എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 30/3/2019-ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുക ചേർത്തിരിക്കുന്നതും "സഞ്ചയ"സോഫ്റ്റ്‌വെയറിൽ ഈയിനത്തിൽ ചേർത്തിരിക്കുന്ന തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ക്രമ നം. | ശീർഷകം | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരമുള്ള തുകകൾ | സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള തുകകൾ |
|---|---|---|---|
| 1 | 350410101-Advance collection of revenues -Property tax on Residential building | 21925 | 20559 |
| 2 | 350410101-Advance collection of revenues -Property tax on Non-Residential building | 51543 | 7105 |

2.6 തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ കളക്ഷൻ വാർഷിക കണക്ക് പ്രകാരം 429619 രൂപയും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം 432423 രൂപയുമാണ്.

2.7 ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -15 പ്രകാരം വസ്തുനികുതിയിനത്തിലെ ആകെ കിട്ടാനുള്ള തുക (5% ലൈബ്രറി സെസ്സ് ഉൾപ്പെടെ) 1386194 രൂപയാണ്. ഇത് പ്രകാരം ഇതേ ഷെഡ്യൂളിൽ "431910101-State govt levies in property tax" എന്ന ശീർഷകത്തിൽ വരേണ്ട തുക 66009 (1386194/105X5 )ആണ്. എന്നാൽ ഈ ശീർഷകത്തിൽ 77078 രൂപ ചേർത്തിട്ടുണ്ട്. വ്യത്യാസം പരിഹരിക്കേണ്ടതാണ്.

2.8 2017-18 ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-9 "other liabilities" എന്ന ശീർഷകത്തിൽ വസ്തു നികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 31/03/2018-ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുകയേക്കാൾ കൂടുതൽ തുക 2018-2019 വർഷം ഈയിനത്തിൽ ക്രമീകരിച്ചതായി കാണുന്നു. Prior period items എന്ന നോമിനൽ അക്കൗണ്ട് പ്രകാരം അഡ്വാൻസ് തുക വർദ്ധിപ്പിക്കുകയും തുടർന്ന് തൻവർഷത്തേക്ക് ക്രമീകരിക്കുകയുമാണ് ചെയ്തത്. ക്യാഷ് ആയി അഡ്വാൻസ് ലഭിച്ചിട്ടില്ല. മേൽ വർദ്ധനക്ക് വൗച്ചറോ, രേഖകളോ ഇല്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | ഐറ്റം | 2017-18-ൽ അവശേഷിക്കുന്ന തുക | 2018-19 ലഡ്ജർ പ്രകാരം ക്രമീകരിച്ചത് |
|---|---|---|---|
| 1 | Advance collection of Revenues property tax on Residential building | 77628 | 199040 |
| 2 | Advance collection of Revenues property tax on Non residential buildings | 51543 | 281984 |

3.ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 "Other Liabilities" എന്ന ശീർഷകം പ്രകാരം താഴെ ചേർത്തിരിക്കുന്ന വരുമാനങ്ങൾക്ക് മുൻകൂർ ആയി തുക ലഭിച്ചിട്ടുണ്ട്. എന്നാൽ അതാത് ഡിമാന്റ് രജിസ്റ്ററിലോ പ്രത്യേകം രജിസ്റ്ററിലോ മുൻകൂർ തുകയുടെ കണക്കുകൾ രേഖപ്പെടുത്തുകയോ, ബാലൻസ്ഷീറ്റുമായി പൊരുത്തപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.

| ക്ര.ന | വരുമാനം | മുൻകൂർ ശീർഷകം | 31/3/2019 ലെ മുൻകൂർ തുക |
|---|---|---|---|
| 1 | ഡി &ഒ | 350410301-Advance collection of revenues-Licence fees for dangerous and offensive trades | 243010 |

4.ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം വസ്തുനികുതി ഇനത്തിലും, വാടകയിനത്തിലും കുടിശ്ശിക ഉണ്ട്. എന്നാൽ നികുതി, നികുതിയേതര കുടിശ്ശിക വർഷാടിസ്ഥാനത്തിൽ കണക്കാക്കി, സർക്കാർ ഉത്തരവ് 152/2011/ത.സ്വ.ഭ.വ തീ.26/7/2011, കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011 (ചട്ടം58(4)എച്ച്) എന്നിവ പ്രകാരം ലഭ്യത സംശയാസ്പദമായ തുക കണക്കാക്കി ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

5.ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് (ഐ-18) പ്രകാരം “280000000-Prior Period item” എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക് ഷീറ്റുകളോ ,ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ I-18) | 31/3/2019ലെ ലെഡ്ജർ ബാക്കി |
|---|---|
| 280100101-Prior period income -Property tax on residential buildings | 124116 |
| 280100104-Prior period income-Property tax on non residential buildings | 905130 |

6.വാർഷിക കണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2018-19 കാലയളവിലെ "Net increase in cash and cash equivents” ആയി രേഖപ്പെടുത്തിയിരിക്കുന്നത് 25426770 രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2018-19 കാലയളവിൽ "Net cash generated by Operating+Investing+Financing Activity” ആയി രേഖപ്പെടുത്തിയിരിക്കുന്നത് 38056533 രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

7.ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-14 പ്രകാരം ആയി 299535 രൂപയുടെ ക്ലോസിങ് സ്റ്റോക്ക് ഉണ്ട്. സ്റ്റോക്ക് രജിസ്റ്ററിൽ സ്റ്റോക്കിന്റെ വർഷാന്ത്യ മൂല്യം കണക്കാക്കി എഴുതുന്നുണ്ട്. എന്നാൽ സാധനങ്ങൾ സ്റ്റോക്കിലെടുക്കുമ്പോൾ ആയതിന്റെ എണ്ണം മാത്രമേ രേഖപ്പെടുത്തുന്നുള്ളൂ. വില രേഖപ്പെടുത്തുന്നില്ല. ആയതിനാൽ വർഷാന്ത്യ മൂല്യം കണക്കാക്കിയതിന്റെ കൃത്യത പരിശോധിക്കാൻ കഴിയുന്നില്ല.

# 1-13 വസ്തുനികുതി കുറവായി നിർണ്ണയിച്ചിരിക്കുന്നു

1) പ്രഥമ മേഖലയിൽ ഉൾപ്പെട്ട കെട്ടിടത്തെ ദ്വിതീയ മേഖലയിൽ ഉൾപ്പെടുത്തി വസ്തുനികുതി നിർണ്ണയിച്ചിരിക്കുന്നു.

ഫയൽ നം.എ 2/11722/18

വസ്തുനികുതി പരിഷ്കരണ അന്തിമ വിജ്ഞാപന പ്രകാരം (ഗ്രാമപഞ്ചായത്തിലെ 25.10.2011 ലെ 2-ാം തീരുമാനം) പെരുമ്പിള്ളിശ്ശേരി മിത്രാനന്ദപുരം റോഡ് ഉൾപ്പെടുന്ന മേഖല(ക്രമനം.17) പ്രഥമമേഖലയിലാണ് ഉൾപ്പെടുന്നത്. ടി മേഖലയിൽ ഉൾപ്പെട്ട താഴെപ്പറയുന്ന കെട്ടിടത്തിന് ദ്വിതീയ മേഖലയിൽ ഉൾപ്പെടുത്തിയാണ് നികുതി നിർണ്ണയിച്ചിട്ടുള്ളത്.

| കെട്ടിട നം. | ഉടമയുടെ പേര് | തരം | തറ വിസ്തീർണം | ഈടാക്കിയ നികുതി | അനുവദിച്ച ഇളവ് (10%) | ഈടാക്കേണ്ട നികുതി | പ്രാബല്യം |
|---|---|---|---|---|---|---|---|
| 2/342 എ | മൈമ്പിള്ളി കൃഷ്ണൻ | വാണിജ്യം (@55) | 24.25 ച.മീ. | 1201 + L.C. | 133.75 | 1335 + L.C. | 2018-19 I- അർദ്ധവർഷം |
| 2/342 ബി | | വാണിജ്യം | 24.25 ച.മീ. | 1201 + L.C. | 133.75 | 1335 + L.C. | |
| 2/342സി | | വാണിജ്യം | 24.25 ച.മീ. | 1201 + L.C. | 133.75 | 1335 + L.C. | |
| 2/342 ഡി | | വാണിജ്യം | 21.25 ച.മീ. | 1052 + L.C. | 116.88 | 1169 + L.C. | |
| 2/342 ഇ | | പാർപ്പിടം (@5) | 104ച.മീ. | 468 + L.C. | 52.00 | 520+ L.C. | |

2) വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ 20% വർദ്ധനവ് ബാധകമാക്കിയിട്ടില്ല.

ഫയൽ നം.എ 2/10669/18

ശ്രീ.അബ്ദുൾ കരീമിന്റെ ഉടമസ്ഥതയിലുള്ള താഴെപ്പറയുന്ന അപ്പാർട്ട്മെന്റുകൾക്ക് നികുതി ഈടാക്കിയതിൽ വഴിസൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള വർദ്ധനവ് വരുത്തിയിട്ടില്ല. ടി കെട്ടിടത്തിന്റെ സൈറ്റ് പ്ലാൻ പ്രകാരം 12 മീറ്റർ വീതിയുള്ള PWD റോഡിനടുത്താണ് കെട്ടിടം സ്ഥിതിചെയ്യുന്നത്. ടി കെട്ടിടത്തിന് വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ 20% വർദ്ധനവ് ബാധകമാക്കിയിട്ടില്ല.

| കെട്ടിട നം. | തറ വിസ്തീർണം | അടിസ്ഥാന വസ്തു നികുതി | ഈടാക്കിയ നികുതി | 20% വർദ്ധനവ് | ഈടാക്കേണ്ട നികുതി | പ്രാബല്യ തീയതി |
|---|---|---|---|---|---|---|
| 16/319 എ | 74.125 ച.മീ. | 371 | 371 + L.C. | 74.2 | 445 + L.C. | 2018-19 II-അർദ്ധവർഷം |
| 16/319 ബി | 74.125 ച.മീ. | 371 | 371 + L.C. | 74.2 | 445 + L.C. | |
| 16/319 സി | 74.125 ച.മീ. | 371 | 371 + L.C. | 74.2 | 445 + L.C. | |
| 16/319 ഡി | 74.125 ച.മീ. | 371 | 371 + L.C. | 74.2 | 445 + L.C. | |

3) താഴെപ്പറയുന്ന കെട്ടിടങ്ങൾക്ക് നികുതി നിർണ്ണയിച്ചതിൽ കംപ്ലീഷൻ പ്രകാരമുള്ള മുഴുവൻ തറവിസ്തീർണത്തിനും വസ്തുനികുതി നിർണ്ണയിച്ചിട്ടില്ല.

ഫയൽ നം.എ2 4867/18

ശ്രീ. ലിജോയുടെ ഉടമസ്ഥതയിലുള്ള 2/489എ മുതൽ 2/489 ജെ വരെയുള്ള വാണിജ്യകെട്ടിടങ്ങൾക്ക് കംപ്ലീഷൻ പ്ലാൻ പ്രകാരം ആകെ 120.5 ച.മീ. തറവിസ്തീർണമുണ്ട്. എന്നാൽ 112 ച.മീറ്ററിന് മാത്രമാണ് വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ളത്. ടി കെട്ടിടത്തിലെ 2/489 J നമ്പർ കെട്ടിടത്തിന് 16 ച.മീ.ന് നികുതി ഈടാക്കുന്നതിന് പകരം 7.5 ച.മീ.ന് മാത്രമാണ് നികുതി നിശ്ചയിച്ചിട്ടുള്ളത്. വിശദാംശങ്ങൾ താഴെച്ചേർക്കുന്നു.

| കെട്ടിട നം. | തറ വിസ്തീർണം | ഈടാക്കിയ നികുതി (7.5 ച.മീ.ന്) | ഈടാക്കേണ്ട നികുതി (16 ച.മീ.ന്) | കുറവ് (8.5 ച.മീ.ന്) | പ്രാബല്യം |
|---|---|---|---|---|---|
| 2/489 J | 16 ച.മീ. | 7.5 X 55 =412.5<br>20% വർദ്ധനവോടുകൂടി<br>495 + 25(L.C) | 16 X 55 =880<br>20% വർദ്ധനവോടുകൂടി 1056 + 53( L.C) | 561 + 28 (L.C.) | 2018-19 I-അർദ്ധവർഷം |

4) ക്രമവൽക്കരണം മൂലം കൂട്ടിച്ചേർക്കൽ നടത്തിയ കെട്ടിടത്തിന് ആനുപാതികമായി നികുതി പുനർനിർണ്ണയിച്ചിട്ടില്ല.

ഫയൽ നം. 125/19

ശ്രീമതി ഗിരിജ എന്നവരുടെ ഉടമസ്ഥതയിലുള്ള 18/522 -ാം നമ്പർ താമസകെട്ടിടം പഠനമുറി(12.80 ച.മീ,ആകെ 63.25 ച.മീ തറവിസ്തീർണം) നിർമ്മാണം ക്രമവൽക്കരണം ലഭിക്കുന്നതിനായി 03.01.2019 ൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ടി കെട്ടിടത്തിന് ക്രമവൽക്കരണം നടത്തിയിട്ടുണ്ടെങ്കിലും ആയതിനനുസരിച്ച് വസ്തുനികുതി പുനർനിർണ്ണയിച്ചിട്ടില്ല. സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം 42 ച.മീ. തറവിസ്തീർണത്തിന് മാത്രമാണ് നികുതി കണക്കാക്കിയിട്ടുള്ളത്. 63.25 ച.മീ തറവിസ്തീർണത്തിന് ആനുപാതികമായിട്ടാണ് നികുതി കണക്കാക്കിയിട്ടില്ല.

(ഓഡിറ്റ് എൻക്വയറി 10/26.11.2019)

മേൽസൂചിപ്പിച്ച അപാകതകൾ പരിഹരിക്കേണ്ടതും വസ്തുനികുതി പുനർനിർണ്ണയിച്ച് പ്രാബല്യതീയതി മുതൽ ഡിമാൻറ് ചെയ്യേണ്ടതുമാണ്. കൂടാതെ മറ്റ് കെട്ടിടങ്ങൾക്ക് വസ്തു നികുതി നിർണ്ണയം നടത്തിയതിൽ ഇത്തരം അപാകതകൾ സംഭവിച്ചിട്ടുണ്ടോയെന്ന് പരിശോധിക്കേണ്ടതും ആയവ പരിഹരിക്കേണ്ടതുമാണ്.

# 1-14 വസ്തുനികുതി കുടിശ്ശിക ഈടാക്കേണ്ടതാണ്

2018-19 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ പ്രകാരം വസ്തുനികുതി കുടിശ്ശികയിനത്തിൽ 720722/- രൂപയും തൻവർഷത്തെ വസ്തുനികുതിയിനത്തിൽ 665422/-രൂപയും പിരിഞ്ഞുകിട്ടാനുണ്ട്.(ഓഡിറ്റ് എൻക്വയറി 13/28.11.2019). കുടിശ്ശികയിനത്തിലുള്ള തുക പിരിച്ചെടുക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കുന്നതാണെന്ന് ഓഡിറ്റ് അന്വേഷണത്തിന് മറുപടി നൽകിയിട്ടുള്ളത്. കുടിശ്ശികയിനത്തിലുള്ള തുക പിരിച്ചെടുക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-15 തൊഴിൽനികുതി ഈടാക്കിയതിൽ കുറവ്

തൊഴിൽനികുതി രജിസ്റ്റർ, വരുമാനപത്രികകൾ എന്നിവ പരിശോധിച്ചതിൽ, തൊഴിൽനികുതിയുമായി ബന്ധപ്പെട്ട താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1.താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നം. | സ്ഥാപനം | അർദ്ധവർഷം |
|---|---|---|
| 1 | ഹാൻടെക്സ്, ചേർപ്പ് | I, II |
| 2 | ജില്ലാമിഷൻ കോ-ഓർഡിനേഷൻ കുടുംബശ്രീ പ്രോജക്ട് | I, II |
| 3 | മുത്തൂറ്റ് മൈക്രോഫിൻ ലിമിറ്റഡ് | I, II |
| 4 | രതീഷ് ഗോൾഡ് വർക്സ് | I, II |
| 5 | ഹോട്ടൽ സവേര പാർക്ക് | I, II |
| 6 | MD നിരാമയം ആയുർവ്വേദ ആശുപത്രി | I, II |
| 7 | അർപ്പിത ഹോട്ടൽ | II |
| 8 | മണവാളൻ ടൈൽസ് | II |
| 9 | മൂൺലൈറ്റ് സിൽക്സ് & സാരീസ് | II |
| 10. | ESCO | II |

2.താഴെപ്പറയുന്ന സ്ഥാപനങ്ങൾ സ്ഥാപനതൊഴിൽനികുതി അടവാക്കിയിട്ടില്ല.

- പൂരം ഫിൻസെർവ് ലിമിറ്റഡ്
- ഇൻഡസ് മോട്ടോർ കമ്പനി
- റിലയൻസ് റീട്ടെയിൽ ലിമിറ്റഡ്
- ESCO
- മൂൺലൈറ്റ് സിൽക്സ് & സാരീസ്
- മണവാളൻ ടൈൽസ്
- MD നിരാമയം ആയുർവ്വേദ ആശുപത്രി
- ഹോട്ടൽ സവേര പാർക്ക്
- ഐശ്വര്യ ജുവൽ ക്രാഫ്റ്റ്സ്
- ആയുർജ്യോതി ആയുർവ്വേദ ആശുപത്രി
- അർപ്പിത ഹോട്ടൽ

- തൃശ്ശൂർ താലൂക്ക് ഫർണ്ണിച്ചർ ഇൻഡസ്ട്രിയൽ ലിമിറ്റഡ്
- ചേർപ്പ് കുറീസ് പ്രൈവറ്റ് ലിമിറ്റഡ്
- കല്യാൺ ജ്വവലേഴ്സ്
- മാക്സ് വാല്യൂ ക്രെഡിറ്റ് ഇൻവെസ്റ്റ്മെന്റ് ലിമിറ്റഡ്
- പൂരം ഫിൻസെർവ്വ് ലിമിറ്റഡ്
- മുത്തൂറ്റ് ഫിൻകോർപ്പ്, പൂച്ചിന്നിപ്പാടം
- രോഹിണി ആശുപത്രി
- സപ്ലൈകോ ലാഭം സൂപ്പർമാർക്കറ്റ്
- സപ്ലൈകോ ശബരി സൂപ്പർമാർക്കറ്റ്
- നാഷണൽ ഇൻഷൂറൻസ് കമ്പനി

3. സഞ്ചയ ലിസ്റ്റ് പ്രകാരം വിദ്യാഭാസ സ്ഥാപനങ്ങളിൽ പെട്ട സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

- ശ്രീശങ്കര ശിശുവിദ്യാമന്ദിരം
- ലൂർദ്ദ് മാതാ കോളേജ്
- ലൂർദ്ദ് മാതാ ഹയർസെക്കന്ററി സ്കൂൾ
- സരസ്വതി കോളേജ്

4..2018-19 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്തുമായി കരാറിലേർപ്പെട്ടിട്ടുള്ള കോൺട്രാക്ടർമാരുടെ തൊഴിൽ നികുതി അടവാക്കിയിട്ടില്ല. (ഓഡിറ്റ് എൻക്വയറി 19/28.11.2019)

മേൽ അപാകതകൾ പരിഹരിക്കേണ്ടതും തൊഴിൽ നികുതി ഈടാക്കി ഓഡിറ്റിനെ വിവരം അറിയിക്കേണ്ടതുമാണ്. കേരള പഞ്ചായത്ത് രാജ് ചട്ടം 204 പ്രകാരം തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥരായ എല്ലാ സ്ഥാപനങ്ങളിൽ നിന്നും വ്യക്തികളിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

# 1-16 രശീതി പരിശോധന അപാകതകൾ

1. 2018-19 സാമ്പത്തികവർഷത്തിൽ വിതരണം നടത്തിയിട്ടുള്ള താഴെപ്പറയുന്ന രശീതിബുക്കുകളുടെ ഉപയോഗിക്കാത്ത രശീതികൾ റദ്ദുചെയ്ത് സൂക്ഷിച്ചിട്ടില്ല.

| ബുക്ക് നമ്പർ | രശീതി നമ്പറുകൾ | ഉദ്യോഗസ്ഥൻ |
|---|---|---|
| 5504 | 4 മുതൽ 100 വരെ | അസിസ്റ്റന്റ് എഞ്ചിനീയർ |
| 5505 | 36 മുതൽ 100 വരെ | “ |
| 5508 | 11 മുതൽ 100 വരെ | വെറ്ററിനറി സർജൻ |

2. ക്രമനം. 5504,5505 രശീതിബുക്കുകളിൽ ഇരുവശം പതിയുന്ന കാർബൺ ഉപയോഗിച്ചിട്ടില്ല.

മേൽ അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# 1-17 ഇ-ടെണ്ടർ ഫീസ് വരവ് വന്നിട്ടില്ല

2018-19 വർഷം ഇ-ടെണ്ടറുകൾ വഴി നടപ്പാക്കിയ മരാമത്ത് പ്രവൃത്തികളിൽ ടെണ്ടർ ഫീസ് ഇനത്തിൽ ലഭിക്കേണ്ട 42,900/- രൂപ എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ അക്കൗണ്ടിൽ നിന്നും പഞ്ചായത്ത് ഫണ്ടിൽ ലഭ്യമായിട്ടില്ല. ആയത് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-18 മാർക്കറ്റ് നവീകരണം -എസ്റ്റിമേറ്റ്, ആർക്കിടെക്ചറൽ ഡിസൈൻ , ടെക്നിക്കൽ റിപ്പോർട്ട് എന്നിവക്കായി തൃശ്ശൂർ

# എഞ്ചിനീയറിംഗ് കോളേജുമായി കരാർ ഒപ്പിട്ടു. ആദ്യഘട്ടം 12 ലക്ഷം രൂപ കൈമാറി. തുടർനടപടികളില്ല

പ്രോജക്ട് നമ്പർ.144/19

ചെക്ക് നമ്പർ. 1530712 തുക 2 ലക്ഷം

ചെക്ക് നമ്പർ. 0342699 തുക 10 ലക്ഷം

ആകെ ചിലവ് -12 ലക്ഷം.

ചേർപ്പ് ഗ്രാമപഞ്ചായത്തിൽ ഓഡിറ്റ് വർഷം മാർക്കറ്റ് നവീകരണം എന്ന പ്രോജക്ടിന്റെ പ്രാഥമിക ചിലവുകൾക്കായി 12 ലക്ഷം രൂപ ചിലവിട്ടിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു.

1. 2017-18 വർഷത്തെ വാർഷിക പദ്ധതിയിൽ മാർക്കറ്റ് നവീകരണം എന്ന പ്രോജക്ടിന്റെ ഭാഗമായി സ്ഥല പരിശോധന സർവ്വെ, ഫീസിബിലിറ്റി എന്നിവ നിശ്ചയിക്കുന്നതിന് തൃശ്ശൂർ എഞ്ചിനീയറിംഗ് കോളേജിനെ ചുമതലപ്പെടുത്തി 03/01/2018 ലെ തീർപ്പ് 1/2 പ്രകാരം പഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുത്തിരുന്നു. തുടർന്ന് പഞ്ചായത്തുമായി എഗ്രിമെന്റ് വെക്കുകയും എസ്റ്റിമേറ്റിന്റെ 2.4% കൺസൾട്ടൻസി ചാർജ് നിശ്ചയിക്കുകയും ചെയ്തു.(പിന്നീട് 2% എന്ന് ലിമിറ്റ് ചെയ്തു)

2.എഞ്ചിനീയറിംഗ് കോളേജ് സമർപ്പിച്ച ഡിറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ടിൽ ആകെ മൂന്നു ഫേസുകളിലായി എട്ടു നിലകളിലുള്ള ബിൽഡിംഗ് ആണ് വിഭാവനം ചെയ്തത്.ആദ്യ ഫേസിൽ സബ് ബേസ്മെൻറ്, ബേസ്മെന്റ്, ഗ്രൗണ്ട് ഫ്ലോർ എന്നിവയാണ്.ആകെ 3791 .83 മീറ്റർ സ്ക്വയർ ഏരിയക്ക് 10.54 കോടിയാണ് ചിലവ് പ്രതീക്ഷിക്കുന്നത്. ഫേസ് 1 ന്റെ ഡിറ്റെയിൽഡ് ഡിസൈൻ, എസ്റ്റിമേറ്റ് എന്നിവയാണ് ആദ്യം എഞ്ചിനീയറിംഗ് കോളേജിനോട് തയ്യാറാക്കി നൽകാൻ എഗ്രിമെന്റ് പ്രകാരം ധാരണയായിരുന്നത്.ബാക്കി പ്രവർത്തികളുടെ ചിലവു വിവരം ഫസ്റ്റ് ഫ്ലോറിന്റേതൊഴികെ പ്രോജക്ട് റിപ്പോർട്ടിൽ ചേർത്തിരുന്നില്ല. ഈ ഡിറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് പഞ്ചായത്ത് കൃത്യമായി പഠനവിധേയമാക്കിയതായോ എങ്ങിനെ ഫണ്ട് കണ്ടെത്തുമെന്ന് കൃത്യമായ ധാരണയിലെത്തിയതായോ രേഖകളില്ല. എന്നാൽ എഞ്ചിനീയറിംഗ് കോളേജ് 21/12 /2018 ൽ പഞ്ചായത്തിന് നൽകിയ കത്തിൽ (CON/12/08) പഞ്ചായത്ത് സെക്രട്ടറിയുടെ നിർദ്ദേശപ്രകാരം ഫേസ്.1 ൽ ഫസ്റ്റ് ഫ്ളോർ കൂടി ഉൾപ്പെടുത്തിയാണ് ഡിസൈൻ, എസ്റ്റിമേറ്റ് എന്നിവ തയ്യാറാക്കുന്നത് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. തുടർന്ന് ആകെ 6575.18 മീറ്റർ സ്ക്വയർ ഏരിയക്ക് 14.15 കോടിയുടെ എസ്റ്റിമേറ്റ തയ്യാറാക്കി പഞ്ചായത്തിന് നൽകി ആയതിന്റെ കൺസൾട്ടേഷൻ ചാർജ് ആയ 28.3 ലക്ഷം രൂപയിൽ 12 ലക്ഷം രൂപ സ്ഥാപനത്തിന് കൈമാറിയിട്ടുണ്ട്. ടെക്നിക്കൽ റിപ്പോർട്ട്, എസ്റ്റിമേറ്റ് എന്നിവ കൈമാറുകയും ബാക്കി സ്ട്രക്ചറൽ ഡ്രോയിംഗ് 30/05/2019 തിയ്യതിയോടെ കൈമാറാമെന്ന് സമ്മതിക്കുകയും ചെയ്തിട്ടുള്ളതാണ്. ഇതിൽ ആദ്യ ഫേസിനു തന്നെ ഫണ്ട് കണ്ടെത്തുന്നതിൽ അവ്യക്തത നിലനിൽക്കെ ഏതു സാഹചര്യത്തിലാണ് ഫസ്റ്റ് ഫ്ലോർ കൂടി ഉൾപ്പെടുത്തി 14.15 കോടിയിലേക്ക് എസ്റ്റിമേറ്റ് പുതുക്കാനിടയായത് എന്ന് വ്യക്തമല്ല. ഇതു സംബന്ധിച്ച പഞ്ചായത്ത് കമ്മിറ്റി തീരുമാനം ഫയലിൽ ചേർത്തിട്ടില്ല. ഇക്കാരണം കൊണ്ടു തന്നെ 7.22 ലക്ഷം രൂപ കൺസൾട്ടേഷൻ ഇനത്തിൽ എഞ്ചിനീയറിംഗ് കോളേജിന് അധികം നൽകേണ്ട സാഹചര്യമാണ് നിലവിലുള്ളത്.

2. 30/05/2019 ന് എഞ്ചിനീയറിംഗ് കോളേജിൽ നിന്നും ആർകിടെക്ചറൽ ഡിസൈൻ ലഭ്യമാക്കുമെന്ന് കരാറിൽ വ്യവസ്ഥയുള്ളതാണ്.എന്നാൽ നാളിതു വരെ സ്ട്രക്ചറൽ ഡിസൈനിംഗ് ഏറ്റുവാങ്ങിയിട്ടില്ല. സമയബന്ധിതമായി പദ്ധതി മുന്നോട്ടു പോകാത്തതിന് കാരണമെന്ത് എന്ന് വ്യക്തമല്ല.

3.പഞ്ചായത്ത് കമ്മിറ്റിയുടെ വിവിധ തീരുമാനങ്ങളിൽ പല വിധത്തിലാണ് എസ്റ്റിമേറ്റിനെക്കുറിച്ച് കാണിച്ചിട്ടുള്ളത്.29/12/2018 നടന്ന യോഗത്തിലെ 4/1 തീരുമാനത്തിൽ 9 കോടി എന്നും, 24.09.2019 ലെ 8/2 തീരുമാനത്തിൽ 14 കോടി എന്നും കാണിച്ചിരിക്കുന്നു.

4.29.04.2019 തിയ്യതിയിലെ 8(2) നമ്പർ തീരുമാനപ്രകാരം 9 കോടി രൂപ KURDFC യിൽ നിന്ന് 10% പലിശ നിരക്കിൽ ലോൺ എടുക്കാൻ തീരുമാനിച്ചിട്ടുണ്ട്. 14.15 കോടി രൂപ ചിലവു വരുന്ന പദ്ധതിക്ക് ലോൺ കഴിഞ്ഞ് വരുന്ന 5.15 കോടി രൂപ എങ്ങിനെ കണ്ടെത്തുമെന്ന് നിലവിൽ യാതൊരു തീരുമാനവും എടുത്തിട്ടില്ല.

5. എട്ടു വർഷ ലോണിന്റെ പലിശ തിരിച്ചടവ് ശരാശരി വർഷത്തിൽ ഒന്നര കോടി കവിയുമെന്നിരിക്കെ ഇതു സംബന്ധിച്ച ഒരു ഡിറ്റെയിൽഡ് റിപ്പോർട്ട് പഞ്ചായത്ത് ഇതു വരെ തയ്യാറാക്കിയിട്ടില്ല. നിലവിൽ 17-18 വർഷം പഞ്ചായത്തിൽ നീക്കിയിരുപ്പുള്ള തനത് ഫണ്ട് 32444071 രൂപയാണ് (ഫയൽ പ്രകാരം).17-18 വർഷത്തിൽ ജനറൽ പർപ്പസ് ഗ്രാന്റ് അടക്കം ആകെ സൃഷ്ടിച്ച തനതു വിഹിതം 29252733 രൂപയാണ്. ആ വർഷം ആകെ ചിലവ് വന്നത് 26184740 രൂപയാണ്. 18-19 ൽ ഇത്തരമൊരു കണക്ക് തയ്യാറാക്കിയിട്ടില്ല. നിലവിലെ അവസ്ഥയിൽ വരവ് ചിലവ് ഏതാണ്ട് തുല്യമായ അവസ്ഥയിൽ ഏതു സാഹചര്യത്തിലാണ് തിരിച്ചടവ് പൂർത്തിയാക്കാനാകുക എന്ന് വ്യക്തമല്ല.

കൃത്യമായ ധാരണയോ പഠനമോ ഇത്തരം വലിയ ഒരു പ്രോജക്ട് നടപ്പിലാക്കുന്നതിൽ പഞ്ചായത്ത് കൈക്കൊണ്ടിട്ടില്ല എന്ന് വ്യക്തമാണ്. ഇതുമായി ബന്ധപ്പെട്ട ഒരു ധനകാര്യ വിശകലനം പോലും തയ്യാറാക്കിയിട്ടില്ല. പഞ്ചായത്ത് ലോൺ നടപടികളുമായി മുന്നോട്ടു പോകുമ്പോൾ തന്നെ ലോൺ കഴിഞ്ഞ് ബാക്കി ചിലവ് എങ്ങിനെ കണ്ടെത്താം എന്നതിലും വ്യക്തതയില്ല. ലോൺ പലിശ തനതു ഫണ്ടിൽ നിന്ന് കണ്ടെത്തേണ്ടി വരുമെന്നിരിക്കെ ഇത്രയും വലിയ തുക എങ്ങിനെ തനതു ഫണ്ടിലെ നിലവിലെ സാഹചര്യത്തിൽ നിന്ന് സൃഷ്ടിക്കാമെന്ന് വ്യക്തതയില്ല. പണി പൂർത്തീകരിക്കുന്ന കെട്ടിടത്തിൽ നിന്ന്

വാടകവരുമാനം പണി പൂർത്തീകരിച്ചതിനു ശേഷമേ ഉറപ്പാക്കാനാകൂ എന്നിരിക്കെ പണി നടന്നു കൊണ്ടിരിക്കുന്ന വർഷങ്ങളിലെ തിരിച്ചടവ് ഏതു വിധേന കണ്ടെത്തും എന്നതിലും വ്യക്തതയില്ല. മാത്രമല്ല നിലവിൽ ഈ സ്ഥലത്ത് തുടരുന്ന കെട്ടിട ഉടമകളെ ഒഴിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് കൃത്യമായ ധാരണ രൂപപ്പെട്ടിട്ടില്ല. കെട്ടിടവാടകക്കാരുമായി കോടതി കേസുകൾ നിലവിലുണ്ടോഎന്ന് പരിശോധിക്കുകയും അത് എത്രയും പെട്ടെന്ന് തീർപ്പാക്കാനായിട്ടുള്ള നടപടികളും കൈകൊണ്ടതായി കാണുന്നില്ല. ആയതിനാൽ പഞ്ചായത്തു കമ്മിറ്റി മേൽചൂണ്ടിക്കാട്ടിയ പോരായ്മകൾ ഉടനടി പരിശോധനക്ക് വിധേയമാക്കേണ്ടതും കൃത്യമായ ധാരണയിലെത്തിയതിനുശേഷം തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

# 1-19 പെരുവനം ചിറ തടയണ തുറക്കൽ ,അടക്കൽ എന്ന പദ്ധതിയെപ്പറ്റിയുള്ള പരാമർശങ്ങൾ

പ്രോജക്ട് നമ്പർ. 118/19

ബിൽ നമ്പർ. 27/ 16-11-2019 തുക. 37900

ബിൽ നമ്പർ.29/ 29-11-2019 തുക . 29700

ഇതിൽ 29700 പണിക്കൂലിയും 37900 പിങ്കോട മരം വാങ്ങുന്നതിനുമാണ് ഉപയോഗിച്ചിട്ടുള്ളത്. തടയണകൾക്ക് പിങ്കോട യോജിച്ചതല്ല .ദീർഘകാലത്തേക്ക് തമ്പകം മരം ആണ് യോജിച്ചത്. എന്തു കൊണ്ടാണ് തമ്പകം വാങ്ങാത്തത് എന്ന് വ്യക്തമല്ല. മാത്രമല്ല നിലവിലെ കോടതി ഉത്തരവ് പ്രകാരം (IANos. 854&934 of 2015,R.S.A. No.1401 of 2010) പ്രകാരം ഇത് എല്ലാ വർഷവും ചെയ്യേണ്ടി വരുന്ന ഒരു പ്രോജക്ട് ആണ്. വർഷം തോറും പ്രവർത്തിക്ക് യോജിക്കാത്ത മരം ഉപയോഗിക്കുന്നത് പഞ്ചായത്തിന് പണച്ചെലവുണ്ടാക്കുന്നുണ്ട്.ഒരു സ്ഥിരം സംവിധാനം ഇരുമ്പുഷട്ടർ പോലുള്ളതോ, അല്ലാത്ത പക്ഷം തമ്പകം മരം വാങ്ങുന്നതോ അടക്കമുള്ള നടപടികൾ കൈക്കൊള്ളണമെന്ന് ഓഡിറ്റിൽ അഭിപ്രായപ്പെടുന്നു.

# 1-20 ഓഡിറ്റ് വർഷം തെരുവു വിളക്കു വാങ്ങൽ എന്ന പ്രോജക്ടിലുൾപ്പെടുത്തി തനതു ഫണ്ടിൽ നിന്നും മെയിന്റനൻസ് ഗ്രാന്റിൽ നിന്നുമായി 650168 രൂപ ചെലവിട്ടിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട ഓഡിറ്റ് നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു.

നിർവ്വഹണം -സെക്രട്ടറി

1.650168 രൂപ ചെലവു വന്ന പ്രോജക്ടിന് അംഗീകാരം ലഭിച്ചത് 475000 രൂപക്കാണ്. പ്രോജക്ട് റിവൈസ് ചെയ്തതായി കാണുന്നില്ല.

2. അഞ്ച് ലക്ഷം രൂപക്കുമേൽ ഇ ടെൻഡർ വിളിക്കണമെന്ന നിബന്ധന അടങ്കൽ തുക കുറച്ചിട്ടു മൂലം പാലിക്കാനായില്ല.

3.ആകെ അഞ്ച് സ്ഥാപനങ്ങളാണ് ടെൻഡർ സമർപ്പിച്ചത്. കംപാരിറ്റീവ് സ്റ്റേറ്റ്മെന്റ് തയ്യാറാക്കുകയോ, പ്രോക്യൂവർമെൻറ് കമ്മിറ്റി പർച്ചേസ് അംഗീകരിക്കുകയോ, വിദഗ്ദ സമിതിയെക്കൊണ്ട് സാംപിളുകൾ പരിശോധിപ്പിക്കുകയോ ചെയ്തിട്ടില്ല.

4, ടെൻഡർ നോട്ടീസിൽ 36 വാട്ട് ട്യൂബ് വിവരം വാങ്ങാനുള്ളതായി ചേർത്തിട്ടില്ല. എന്നാൽ ടെൻഡർ സ്വീകരിച്ചതും വാങ്ങിയതും 36 വാട്ട് ട്യൂബ് ലൈറ്റാണ്.

5. ടെൻഡർ നോട്ടീസിൽ ബൾബ് ഷേഡ്, ബൾബ് ഹോൾഡർ, ചോക്ക് തുടങ്ങിയ സാധനങ്ങൾക്ക് കൃത്യമായ സ്പെസിഫിക്കേഷൻ ഇല്ലാതിരുന്നത് ടെൻഡർ സമർപ്പണത്തിൽ ആശയകുഴപ്പമുണ്ടാക്കിയിട്ടുണ്ട്.

ജി.ഒ.(പി) നമ്പർ.259/2010 ത.സ്വ.ഭ.വ തിയ്യതി 08.11.2010 പ്രകാരം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖയിൽ പ്രോക്യൂവർമെന്റ് കമ്മിറ്റിയുടെ ചുമതലകളെപ്പറ്റി വ്യക്തമായി പരാമർശിച്ചിട്ടുണ്ട്. എല്ലാ തദ്ദേശസ്വയം ഭരണസ്ഥാപനങ്ങളും ഇത് പിൻതുടരാൻ ബാധ്യസ്ഥരാണ് എന്നിരിക്കെ ഭാവിയിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# 1-21 ചെലവഴിക്കാതെ ബാക്കി നിൽക്കുന്ന തുക തിരികെ അടക്കേണ്ടതാണ്. ആകെ എട്ടു ലക്ഷം രൂപയിൽ 6197 രൂപ

# ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

നെൽകൃഷിക്ക് കൂലി ചിലവ് സബ്സിഡി

പ്രോജക്ട് നമ്പർ. S017/19

നിർവ്വഹണം -കൃഷി ഓഫീസർ

ഈ പ്രോജക്ടിൽ ബ്ളോക്ക് ഷെയർ ഇനത്തിൽ 8 ലക്ഷം രൂപ (ചെക്ക് നമ്പർ 0243114/ 11-09-2018) പഞ്ചായത്തിൽ നിന്നും കൃഷി ഓഫീസർക്ക് നൽകിയിട്ടുണ്ട്. എന്നാൽ ആകെ വിതരണം ചെയ്തത് 793803 രൂപ മാത്രമാണ്. ചെലവഴിക്കാതെ ബാക്കിയുള്ള 6197 രൂപ പഞ്ചായത്തിൽ സ്വീകരിച്ച് ബന്ധപ്പെട്ട ബ്ലോക്ക് പഞ്ചായത്ത് അക്കൗണ്ട് ഹെഡിലേക്ക് തിരികെ അടവാക്കേണ്ടതാണ്. ആയതുവരെ ടി തുക തടസ്സത്തിൽ വയ്ക്കുന്നു.

# 1-22 ഗുണഭോക്തൃവിഹിതം രസീതില്ലാതെ പിരിച്ചത് നിയമപരമല്ലാത്ത നടപടി

പച്ചക്കറി കൃഷി ടെറസിലും മുറ്റത്തും (എസ്.സി)(ജനറൽ)

പ്രോജക്ട് നമ്പർ.19/2019, 20/2019

ആദ്യ പ്രോജക്ടിലെ ആകെ ചെലവ് 266500 രൂപയാണ്. ഇതു പ്രകാരം പാണഞ്ചേരി സീഡ് ഫാമിൽ നിന്നും 266500 രൂപക്കുള്ള 3325 ഗ്രോബാഗുകൾ വാങ്ങിയിട്ടുണ്ട്. ഇതിലേക്ക് 133 പേരിൽ നിന്നായി സ്ഥാപനം സമർപ്പിച്ച രജിസ്റ്റർ പ്രകാരം ആകെ 66500 രൂപ ഗുണഭോക്തൃവിഹിതം പിരിച്ചിട്ടുണ്ട്. എന്നാൽ ഈ തുകക്ക് രസീതി നൽകുകയോ പഞ്ചായത്തിൽ ഒടുക്കുകയോ ചെയ്യാതെ നേരിട്ട് പാണഞ്ചേരി സീഡ് ഫാമിൽ ഒടുക്കുകയാണ് ചെയ്തിട്ടുള്ളത്. ഇതേ പ്രോജക്ട് എസ്.സി വിഭാഗത്തിൽ ഇപ്രകാരം തന്നെ 33000 രൂപ ഗുണഭോക്തൃവിഹിതം രസീതില്ലാതെ പിരിച്ചെടുത്തിട്ടുണ്ട്. ഈ തുകയും പാണഞ്ചേരി സീഡ് ഫാമിൽ ഒടുക്കി ഗ്രോബാഗുകൾ വാങ്ങി വിതരണം നടത്തിയിട്ടുണ്ട്. ഗുണഭോക്തൃവിഹിതം രസീതു വഴി പിരിക്കുകയോ, പഞ്ചായത്തിൽ ഒടുക്കുകയോ ചെയ്തിട്ടില്ല. ഗുണഭോക്തൃ വിഹിതം ഗുണഭോക്താക്കൾ നേരിട്ട് ചിലവഴിക്കുന്ന സാഹചര്യത്തിൽ മാത്രമേ പഞ്ചായത്ത് അക്കൗണ്ടിൽ പെടാതെ ചെലവ് ചെയ്യുന്ന സാഹചര്യം ഉണ്ടാകുന്നത് നിർവ്വഹണോദ്യോഗസ്ഥൻ ഗുണഭോക്തൃ വിഹിതം പിരിച്ചെടുക്കുന്ന സാഹചര്യത്തിൽ പഞ്ചായത്തിന്റെ രസീതി വഴി പിരിക്കേണ്ടതും പഞ്ചായത്ത് അക്കൗണ്ടിൽ വരവു വരേണ്ടതുമാണ്. രസീതില്ലാതെ പണം പിരിക്കുന്നത് നിയമവിരുദ്ധമാണ്. ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

# 1-23 പട്ടിക ജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വിതരണം-ടെണ്ടർ നടപടികളിലെ അപാകത

പട്ടിക ജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ്/ S074/19

| | |
|---|---|
| പ്രോജക്ട് | പട്ടിക ജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ്/74/19 |
| ഫണ്ട് | എസ്.സി.പി |
| അടങ്കൽ | 1100000/- |
| ചെലവ് | 1097756/- |
| നിർവ്വഹണം | അസി.സെക്രട്ടറി |
| ബിൽ നമ്പർ | 18/18-19/31.1.19,തുക-1097756/- |

പട്ടിക ജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് നൽകൽ എന്ന മേൽ പദ്ധതിയ്ക്കായി 6/12/18 ൽ (ഫയൽ നമ്പർ-എ4-7482/18) ഇ ടെണ്ടർ ക്ഷണിച്ച(ടെണ്ടർ ഐ.ഡി 2018_DP_253747_1).ഐ.കെ.എം സ്പെസിഫിക്കേഷൻ അനുസരിച്ചുള്ള ലാപ്ടോപ്പുകൾക്കാണ് ടെണ്ടർ ക്ഷണിച്ചത്.ടെണ്ടർ സ്പെസിഫിക്കേഷൻ വ്യക്തമായി ടെണ്ടറിനോടൊപ്പംചേർത്തിരുന്നു.ടാക്സ് ഉൾപ്പെടെയുള്ള വില രേഖപ്പെടുത്തണമെന്ന് ടെണ്ടർ നിബന്ധനയുംഉൾപ്പെടുത്തിയിരുന്നു. 44ലാപ്ടോപ്പുകൾക്ക് 25000/- നിരക്കിൽ 1100000/- രൂപയായിരുന്നു ടെണ്ടർ അടങ്കൽ.ടെണ്ടറിൽ 4 സ്ഥാപനങ്ങൾ പങ്കെടുത്തു.ഈ 4 സ്ഥാപനങ്ങളും ടെണ്ടർ സ്പെസിഫിക്കേഷൻ(item rate BOQ price schedule പ്രകാരം item describtionനിൽ)പ്രകാരമുള്ള ലാപ്ടോപ്പുകൾക്കുള്ള നിരക്കാണ് ക്വോട്ട് ചെയ്തു. പങ്കെടുത്തസ്ഥാപനങ്ങളും ക്വോട്ട് ചെയ്ത നിരക്കുകളും ചുവടെ ചേർക്കുന്നു.

| പങ്കെടുത്ത സ്ഥാപനം | യൂണിറ്റ് | തുക |
|---|---|---|
| Monger Box Trade pvt ltd | 23710 | 1043240/- |
| Insight systems | 24119 | 1061236/- |
| Sharp Systems &services | 24949 | 1097756/- |
| Viswas computers | 27992 | 1231648/- |

നിബന്ധന പ്രകാരം കുറഞ്ഞ നിരക്കുകൾ രേഖപ്പെടുത്തിയ Monger Box Trade pvt ltd,Insight systems എന്നീ രണ്ടുസ്ഥാപനങ്ങളെ, പ്രോസസർ മോഡൽ ഏതാണെന്ന് രേഖപ്പെടുത്താത്തതിനാൽ ലാപ്ടോപ്പിന്റെറേറ്റിങ്ങ് വിലയിരുത്താൻ സാധിച്ചില്ല എന്ന ഐ.കെ.എം ടെക്നിക്കൽ ഓഫീസറിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, 11/01/2019 ലെ പഞ്ചായത്ത് കമ്മിറ്റിയുടെ 5/2 നമ്പർ തരുമാന പ്രകാരം ഓഴിവാക്കി.തുടർന്ന് ടെണ്ടർ സ്പെസിഫിക്കേഷന് അനുയോജ്യമായ മോഡലുകൾ രേഖപ്പെടുത്തിയ Sharp Systems &services,Viswas computers എന്നിവയിൽ കുറഞ്ഞനിരക്ക് രേഖപ്പെടുത്തിയ Sharp Systems &servicesന്റെ ടെണ്ടർ അംഗീകരിക്കുവാൻ പ്രസ്തുത പഞ്ചായത്ത് കമ്മിറ്റിയിൽ തീരുമാനിച്ചു.എന്നാൽ 07/01/19 ലെ പ്രെക്യൂർമെന്റ് കമ്മറ്റിയിൽ ഇതേ പർച്ചേസുമായി ബന്ധപ്പെട്ട തീരുമാനത്തിൽ 4 ബിഡുകളിൽ ഏറ്റവും കുറഞ്ഞ തുക രേഖപ്പെടുത്തിയ വിശ്വാസ് കംപ്യൂട്ടേർസ് എന്ന സ്ഥാപനത്തിന് സപ്ളൈ ഓർഡർ നൽകാൻ പഞ്ചായത്ത് കമ്മിറ്റിയോട് ശുപാർശ ചെയ്യാൻ തീരുമാനിച്ചു എന്നും രേഖപ്പെടുത്തി കാണുന്നു.ഈ പർച്ചേസുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1.പഞ്ചായത്ത് കമ്മിറ്റിയുടെയും പ്രൊക്യൂർമെന്റ് കമ്മറ്റിയുടെയും തീരുമാനങ്ങളിൽ വൈരുധ്യമുള്ളതായി കാണുന്നു.ടെണ്ടർ വിശദാംശങ്ങൾ,ഐ.കെ.എം ടെക്നിക്കൽ ഓഫീസറിന്റെ റിപ്പോർട്ട് എന്നിവ പ്രൊക്യൂർമെന്റ് കമ്മറ്റിയുടെ പരിഗണനയിൽ വന്നതായി കാണുന്നില്ല.

2.ടെണ്ടറിൽ പങ്കെടുത്ത 4 സ്ഥാപനങ്ങളോടും സാമ്പിൾ ഹാജരാക്കുവാൻ ആവശ്യപ്പെട്ടുകാണുന്നില്ല.

3.സാമ്പിളുകൾ ഹാജരാക്കാത്തിനാൽ ഓരോ സാമ്പിൾ സിസ്റ്റത്തിന്റേയും system setting/device manager മുഖേന processor speed/hardware വിവരങ്ങൾ പരിശോധിച്ച് വിലയിരുത്തുവാൻ ഐ.കെ.എം ടെക്നിക്കൽ ഓഫീസറിന് സാധിച്ചതിന്റെ അടിസ്ഥാനത്തിലല്ല ലാപ്ടോപ്പിന്റെ റേറ്റിങ്ങ് വിലയിരുത്തുയത് എന്നാണ് ഫയൽ പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നത്,സാമ്പിൾ പരിശോധിക്കാതെയാണ് റേറ്റിങ്ങ് വിലയിരുത്തിയത് എങ്കിൽ ആയത് സംബന്ധിച്ച് വ്യക്തമായ വിവരങ്ങൾഉൾകൊള്ളിച്ച ഐ.കെ.എം ടെക്നിക്കൽ ഓഫീസറിന്റെ റേറ്റിങ്ങ് വിലയിരുത്തിയ വിശദമായറിപ്പോർട്ട്ഓഡിറ്റിന് ലഭ്യമാക്കുന്നതിനും മേൽ 1,2അപാകതകൾക്ക് മറുപടി ലഭ്യമാക്കുന്നതിന് 3/23.11.2019 ൽ ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു . മറുപടിയിലെ വിശദീകരണം ചുവടെ ചേർക്കുന്നു.
മോങ്കർബോക്സ് എന്ന സ്ഥാപനം പ്രൈസ് വിത്ത്ഔട്ട് ടാക്സ് 24119/-രൂപയും വിത്ത്ടാക്സ് 27977/-രൂപയും ക്വോട്ട് ചെയ്തിരിക്കുന്നത്.പക്ഷെ ഒരു യൂണിറ്റിന് 27500/-രൂപ വീതം 40ലാപ്ടോപ്പുകൾ വിതരണം ചെയ്യാം എന്ന് സമ്മതിച്ചു.ഇൻസൈറ്റ് എന്നസ്ഥാപനം പ്രൈസ് വിത്ത്ഔട്ട് ടാക്സ് 24119/-രൂപയെന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഹാർഡ് കോപ്പിയും ടെണ്ടർനടപടികളുടെ ഭാഗമായ പ്രാഥമിക കരാർ ഉടമ്പടിയും സമർപ്പിച്ചിട്ടില്ലാത്തതിനാലും, ടെണ്ടർനടപടികളുടെലംഘനമായതിനാലും ടാക്സ് ഉൾപ്പെടെയുള്ള തുക യൂണിറ്റ് കോസ്റ്റിനെക്കാളും അധികരിക്കുമെന്നതിനാലും ഈസ്ഥാപനത്തെ ഒഴിവാക്കി.കൂടാതെ പ്രോസസ്ഡ് മോഡൽ രേഖപ്പെടുത്താത്തതിനാൽ ലാപ്ടോപ്പിന്റെ റേറ്റിങ്ങ് നിശ്ചയിക്കുവാൻ സാധിച്ചിട്ടില്ല എന്ന് ഐ.കെ.എം ടെക്നിക്കൽ ഓഫീസർ റിപ്പോർട്ട് ചെയ്യുകയും മോഡൽ രേഖപ്പെടുത്തിയാൽ തന്നെ പ്രാഥമിക കരാർ ഉടമ്പടിയും സമർപ്പിച്ചിട്ടില്ലാത്തതിനാൽ ടെണ്ടർസ്വാഭാവികമായി അസാധുവാകുന്നതാണ്. ഷാർപ്പ് സിസ്റ്റംസ് എന്ന സ്ഥാപനം ഒരു യൂണിറ്റിന്റെ ടാക്സ് ഉൾപ്പെടെയുള്ള വിലയാണ് 24949/-രൂപ എന്ന് രേഖപ്പെടുത്തിയതിനാലും, ഐ.കെ.എം ടെക്നിക്കൽ ഓഫീസർ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും ടി സ്ഥാപനത്തെ അംഗീകരിച്ചു.
പ്രൊക്യൂർമെന്റ് കമ്മറ്റിയും ഷാർപ്പ് സിസ്റ്റംസ് ആന്റ് സർവ്വീസസ് എന്ന സ്ഥാപനത്തെയാണ് യഥാർത്ഥത്തിൽ ശുപാർശ ചെയ്തത് മിനിറ്റ്സ് എഴുതിയപ്പോൾ വന്നിട്ടുള്ള പിശകാണ് വിശ്വാസ് കംപ്യൂട്ടേഴ്സ് എന്ന് തെറ്റായി രേഖപ്പെടുത്തിപ്പോയിട്ടുള്ളത്. സാംപിളുകൾ ഹാജരാക്കാൻ സപ്ലെയറോട് ആവശ്യപ്പെട്ടിരുന്നില്ല എന്നിവയാണ് മറുപടിയിലെ വിവരങ്ങൾ.
ടാക്സ് അടക്കമുള്ള നിരക്ക് ക്വോട്ട് ചെയ്യുന്നതിനാണ് ടെണ്ടർ ക്ഷണിച്ചത് .ഇതിൻപ്രകാരമുള്ള നിരക്ക് ക്വോട്ട് ചെയ്തതിനുശേഷം പ്രൈസ് വിത്ത് ടാക്സ്, വിത്ത് ഔട്ട് ടാക്സ് എന്നിങ്ങനെയുള്ള നിരക്കുകൾ പിന്നീട് അവകാശപ്പെടുന്നത് ശരിയായ നടപടിയല്ല. ടെണ്ടർ നടിപടികളുടെ ലംഘനമായി കണക്കാക്കി നടപടികൾ സ്വീകരിച്ചുകാണുന്നില്ല.
ടെണ്ടറിൽ പങ്കെടുത്തവരോട് സാമ്പിളുകൾ ഹാജരാക്കുവാൻ ആവശ്യപ്പെട്ടിട്ടില്ല. സാമ്പിളുകൾ ഹാജരാക്കാതെ റേറ്റിങ്ങ് വിലയിരുത്തി താഴ്ന്ന നിരക്ക് ക്വോട്ട് ചെയ്ത സ്ഥാപനങ്ങളെ ഒഴിവാക്കിയതും ടെണ്ടർ നടപടികൾക്കനുസൃതമല്ല.സ്റ്റോർ പർച്ചേസ് മാന്വൽ, തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങൾക്കുള്ള പ്രൊക്യൂർമെന്റ് മാന്വൽ എന്നിവ പ്രകാരമുള്ള നിർദ്ദേശങ്ങൾക്കനുസൃതമായി വാങ്ങൽ നടപടികൾ പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. മേൽ അപാകതകൾ ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-24 ഓഡിറ്റ് വർഷം എച്ച്.എം നടപ്പിലാക്കിയ രജിസ്റ്റേർഡ് യുവജനക്ലബ്ബുകൾക്ക് കായിക വികസനം എന്ന പ്രോജക്ടിൽ 100621 രൂപ തനത് ഫണ്ടിനത്തിൽ ചിലവുണ്ട്. ഓഡിറ്റ് നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു.

ചെക്ക് നമ്പർ. 0421767 തിയ്യതി. 29/11/2018

തുക. 79621

യുവജനക്ലബ്ബുകൾക്ക് സ്പോട്സ് ഉപകരണങ്ങൾ വാങ്ങൽ എന്ന പ്രോജക്ടിൽ ഉൾപ്പെടുത്തി സ്പോട്സ് ഉപകരണങ്ങൾ വാങ്ങിയതിന് ഇംപാക്ട് എന്റർപ്രൈസസ് എന്ന സ്ഥാപനത്തിന് 79621 രൂപ നൽകിയിട്ടുണ്ട്. പ്രൊക്യൂവർമെന്റ് കമ്മിറ്റി മിനുട്സിൽ ഇതു സംബന്ധിച്ച് തീരുമാനങ്ങളൊന്നും എടുത്തിട്ടില്ല.ഏതുപകരണങ്ങളാണ് വാങ്ങുന്നതെന്നോ, അത്തരം വാങ്ങലിന്റ ആവശ്യകഥയെന്ത് എന്നോ തീരുമാനിച്ചിട്ടില്ല. ടെൻഡർ നോട്ടീസ്, സ്പെസിഫിക്കേഷൻ എന്നിവ സംബന്ധിച്ച രേഖകൾ ഹാജരാക്കിയിട്ടില്ല. വാങ്ങൽ പ്രൊക്യൂവർമെന്റ് കമ്മിറ്റി അംഗീകരിച്ചതായി രേഖയില്ല. ഇക്കാരണങ്ങളാൽ ആകെ ചിലവ് തുക .79621 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. (ഉത്തരവാദിയായ ഉദ്യോഗസ്ഥ. ശ്രീമതി.സുമ. 25/05/2018 ന് എഗ്രിമെന്റ് ഒപ്പിട്ട നിർവ്വഹണോദ്യഗസ്ഥ) (ഓഡിറ്റ് എൻക്വയറി നമ്പർ – 8/26-11-2019)

## 1-25 സെക്രട്ടറി നടപ്പിലാക്കിയ പ്രോജക്ടുകളുടെ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

താഴെ ചേർക്കുന്ന പ്രോജക്ടുകളുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. ആയത് ഹാജരാക്കേണ്ടതാണ്.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ | പ്രോജക്ടിന്റെ പേര് | ബിൽ നമ്പർ, തുക, തിയ്യതി | ആർക്ക് നൽകി എന്ന് |
|---|---|---|---|---|
| 1 | 140/19 | വിജ്ഞാൻ സാഗർ ഗ്രാമപഞ്ചായത്ത് വിഹിതം നൽകൽ | 11/18-19 dt. 22/06/2018. തുക. 100000 | ജില്ലാ പഞ്ചായത്ത് തൃശ്ശൂർ |
| 2 | 136/19 | സുശാന്തം ഗ്രാമപഞ്ചായത്ത് വിഹിതം നൽകൽ | 07/18-19 dt.22/06/2018 50000 | ജില്ലാ പഞ്ചായത്ത് തൃശ്ശൂർ |
| 3 | 122/19 | കെ.എൽ.ഡി.സി ബണ്ട് റോഡ് കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | 2/18-19 dt.31/10/2019 100000 | എക്സിക്യൂട്ടീവ് എഞ്ചിനീയർ. വാട്ടർ അതോറിറ്റി |
| 4 | 2/19 | ഐ.കെ.എം വിഹിതം നൽകൽ | 8/18-19 dt.21/06/18 107025 | ഇൻഫർമേഷൻ കേരള മിഷൻ ഡയറക്ടർ |
| 5 | 50/17-18 | തെരുവു വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കൽ | 50/17-18 dt.30/03/2019 175112 | എക്സിക്യൂട്ടീവ് എഞ്ചിനീയർ. ഇലക്ട്രിക്കൽ ഡിവിഷൻ. ഇരിഞ്ഞാലക്കുട |
| | | | 5,32,137 | |

# 1-26 ഉപകരണങ്ങളുടെ സർവ്വീസ് സംബന്ധിച്ച്

പ്രോജക്ട് നമ്പർ. 64/2019

ആകെ ചിലവ്. 35599

വൗച്ചർ നമ്പർ. 21800821/01-12-2018

തുക .35599

സർവ്വർ റൂം ശിതീകരിക്കൽ എന്ന പ്രോജക്ടിലുൾപ്പെടുത്തി മി.കൂൾ എയർകണ്ടീഷനർ , ചേർപ്പ് എന്ന സ്ഥാപനത്തിൽ നിന്നും 31000 രൂപ ചിലവിട്ട് മിസ്റ്റുബിഷി ഹെവി ഡ്യൂട്ടി SRK10 CRS എന്ന ഉപകരണവും അനുബന്ധ ഉപകരണങ്ങളും വാങ്ങിയിട്ടുണ്ട്. സ്ഥാപനം 16.08.2018 ൽ സമർപ്പിച്ച ക്വട്ടേഷനിലെ വാറണ്ടി കണ്ടീഷനിൽ ഇൻവോയ്സ് തിയ്യതി മുതൽ ഒരു വർഷത്തേക്ക് മൂന്ന് ഫ്രീ സർവ്വീസുകൾ ഉറപ്പാക്കുന്നുണ്ട്. ഇതു പ്രകാരമുള്ള സർവ്വീസുകൾ നടന്നിട്ടില്ല എന്ന് കാണുന്നു. ഇത്തരത്തിൽ സൗജന്യ സർവ്വീസുകൾ നൽകുന്ന ഉൽപ്പന്നങ്ങളുടെ കാലോചിതമായ സർവ്വീസ് ഉറപ്പുവരുത്തുന്നതിന്സ്റ്റോക്ക് രജിസ്റ്ററിൽ സർവ്വീസ് സംബന്ധിച്ച വിവരങ്ങൾ എഴുതിച്ചേർക്കേണ്ടതും ഇതു നിരീക്ഷിക്കുന്നതിന് ഓഫീസ് ഓർഡർ പ്രകാരം ഒരു ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തേണ്ടതുമാണ്. ഇത് സ്റ്റോക്കിൽ ചേർക്കാത്തത് സംബന്ധിച്ച് ഓഡിറ്റ് അന്വേഷണം നൽകിയതിനെത്തുടർന്ന് സ്റ്റോക്കിൽ ചേർത്ത് ഹാജരാക്കുകയുണ്ടായി. ആരും സാക്ഷ്യപ്പെടുത്തിയിട്ടില്ല. സ്ഥാപനത്തിൽ വാങ്ങുന്ന ഏതൊരുൽപ്പന്നത്തിന്റെയും വിവരം ആയതിന്റെ ഗുണമേൻമ ഉറപ്പാക്കി സ്റ്റോക്കിൽ ചേർത്ത് കസ്റ്റോഡിയൻ ഓഫീസർ സാക്ഷ്യപ്പെടുത്തുന്നത് സ്ഥാപനത്തിന്റെ അഭ്യന്തര നിയന്ത്രണ സംവിധാനത്തിന്റെ കാര്യക്ഷമമായ നടത്തിപ്പിന്റെ ഭാഗമാണ്. ഭാവിയിൽ ഇത്തരം കാര്യങ്ങളിൽ ഉറപ്പു വരുത്തുന്നതിന് നടപടിയുണ്ടാകേണ്ടതാണ്.

# 1-27 വൃദ്ധർക്ക് കട്ടിൽ വിതരണം -ടെണ്ടർ നടപടികളിലെ അപാകതകൾ

നിർവ്വഹണം – ഐ.സി.ഡി.എസ്. സൂപ്പർവൈസർ

| |
|---|
| 1)പ്രോജക്ട് നമ്പർ - 94/19 |
| പ്രോജക്ട് - വയോജനങ്ങൾക്ക് കട്ടിൽ (ജനറൽ) |
| അടങ്കൽ -426300/- വികസനം (ജനറൽ) |
| ചെലവ് -425780/- |
| ബിൽ നമ്പർ -66/18-19/20.3.19,425780/- |
| 2)പ്രോജക്ട് നമ്പർ - 96/19 |
| പ്രോജക്ട് - വയോജനങ്ങൾക്ക് കട്ടിൽ (പട്ടിക ജാതി) |
| അടങ്കൽ -426300/- വികസനം (എസ്.സി.പി) |
| ചെലവ് -425780/- |
| ബിൽ നമ്പർ -62/18-19/13.3.19,425780/- |
| 3)പ്രോജക്ട് നമ്പർ - 125/19 |
| പ്രോജക്ട് - 1,20വാർഡുകളിൽ "സാന്ത്വനം കട്ടിൽ<br><br>വിതരണ പദ്ധതി |
| അടങ്കൽ -400200/- വികസനം (എസ്.സി.പി) |

| |
|---|
| ചെലവ് -397860/- |
| ബിൽ നമ്പർ - 70/18-19/22.3.19,397860/- |

പഞ്ചായത്തിലെ 60 വയസ്സിനുമേൽ പ്രായമുള്ള എസ്.സി., ജനറൽ എന്നീ വിഭാഗത്തിൽപ്പെട്ട വൃദ്ധർക്ക് കട്ടിൽ വിതരണം ചെയ്യുന്നതിനാണ് മേൽ 3പദ്ധതികളും നടപ്പാക്കിയിരിക്കുന്നത്.ടി പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന അപാകതകൾ ഓഡിറ്റ് ശ്രദ്ധയിൽപ്പെടുത്തുന്നു.

1)ടെണ്ടർ പരസ്യം എത്ര പത്രങ്ങളിൽ നൽകി എന്നത് സംബന്ധിച്ച വിശദാംശങ്ങൾ ഫയലിൽ ലഭ്യമല്ല.ആയതിനാൽ തന്നെ വ്യാപകമായപരസ്യം ടി പദ്ധതിയ്ക്ക് ലഭിച്ചിരുന്നോയെന്ന് ഉറപ്പുവരുത്താൻ കഴിഞ്ഞിട്ടില്ല.

2)മേൽ മൂന്ന് പദ്ധതികളും വൃദ്ധജനങ്ങൾക്ക് കട്ടിൽ നൽകുക എന്ന ആവശ്യത്തിലേക്കായി നടപ്പാക്കിയതാണ്.മൂന്ന് ടെണ്ടർ പ്രകാരമുള്ള സ്പെസിഫിക്കേഷനും ഒന്ന് തന്നെയാണ്.ടെണ്ടർ ക്ഷണിച്ചിട്ടുള്ളതും ഒരേ ദിവസമാണ്,22/10/18 (ഫയൽ നം.A4-4116/18).മൂന്ന് ടെണ്ടറുകൾക്കും കൂടിയുള്ള അടങ്കൽ തുക 14,04,600/-.ഒരേ സ്പെസിഫിക്കേഷൻ പ്രകാരമുള്ള ഇനത്തിന് അടങ്കൽ തുക 500000/- രൂപയിൽ അധികരിച്ചിട്ടും ഇ ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടില്ല.മൂന്ന് പദ്ധതികൾക്കും വെവ്വേറെ ടെണ്ടറുകളാണ് ക്ഷണിച്ചിട്ടുള്ളത്.

3)ടെണ്ടറിൽ പങ്കെടുത്തവരും ക്വോട്ട് ചെയ്ത നിരക്കും ചുവടെ ചേർക്കുന്നു.

| ക്രമ നം. | ടെണ്ടറിൽ പങ്കെടുത്തസ്ഥാപനം | ക്വോട്ട് ചെയ്ത തുക |
|---|---|---|
| | Fine Line Wood Furnishing,Vadakkanchery | 3490 |
| | M.D Wood Park,chevvoor(സ്മിത ഹാപ്പി -ഉടമ) | 3650 |
| | Artco Industries ,Thrissur | 3850 |

ടെണ്ടർ അംഗീകരിക്കുന്നതുമായി ബന്ധപ്പെട്ട22/11/18ലെ പ്രൊക്യൂർമെന്റ് കമ്മററിയുടെ മിനിറ്റ്സിലെ തീരുമാനം ഇപ്രകാരമാണ് "14/11/18ൽ തുറന്ന ടെണ്ടർ പ്രകാരം ടെണ്ടറിൽ പങ്കെടുത്ത Fine Line,smitha happy എന്നീ സ്ഥാപനങ്ങൾ സമർപ്പിച്ച സാമ്പിൾകട്ടിൽ കമ്മിറ്റി പരിശോധിച്ചതിൽ സ്മിത ഹാപ്പി എന്ന സ്ഥാപനം സമർപ്പിച്ച കട്ടിൽ മികച്ചതായതിനാൽ കുറഞ്ഞനിരക്കൽ ലഭ്യമാക്കുവാൻ ടി സ്ഥാപനത്തോട് നെഗോസിയോഷൻ നടത്തുന്നതിന് പഞ്ചായത്ത് കമ്മററിയോട് ശുപാർശ ചെയ്യുന്നതിനും ,3ടെണ്ടറുകളും ഒരേ സ്ഥാപനത്തിന് നൽകുന്നതുമൂലം ഉണ്ടായേക്കാവുന്ന കാലതാമസം ഒഴിവാക്കുന്നതിനായി 125/19 ,സാന്ത്വനം കട്ടിൽ വിതരണം ചെയ്യുന്നതിന് Fine Line Wood Furnishing എന്ന സ്ഥാപനത്തിന് നൽകുന്നതിന് അനുമതി നൽകുന്നതിന് പഞ്ചായത്ത് കമ്മററിയോട് ശുപാർശ ചെയ്യുന്നതിനും തീരുമാനിച്ചു".

26/11/18 ലെ പഞ്ചായത്ത് കമ്മററിയുടെ 13(1) നമ്പർ തീരുമാനത്തിൽ മേൽ ശുപാർശ അംഗീകരിച്ചതായി കാണുന്നു.സാമ്പിൾകട്ടിൽ യോഗം പരിശോധിച്ചതിൽ സ്മിത ഹാപ്പി ഫർണിച്ചേഴ്സ് എന്ന സ്ഥാപനം സമർപ്പിച്ച കട്ടിൽ മികച്ചതാണെന്ന് യോഗം വിലയിരുത്തി .ഈ സാഹചര്യത്തിൽ സ്മിത ഹാപ്പി ഫർണിച്ചേഴ്സ് എന്ന സ്ഥാപനവുമായി നടത്തിയ ചർച്ചയിൽ ടെണ്ടറിൽ ക്വോട്ട് ചെയ്ത ഏറ്റവും കുറവ് തുകയായ 3490/-രൂപയ്ക്ക് വിതരണം നടത്താൻ സന്നദ്ധത അറിയിച്ചിട്ടുണ്ട് എന്നാൽ മൂന്ന് ടെണ്ടറുകൾ ഒരേ സ്ഥാപനത്തിന് നല്കുന്നത് വിതരണത്തിൽ കാലതാമസം നേരിടാൻ സാധ്യത ഉണ്ടെന്ന നിഗമനത്തിൽ വയോജനങ്ങൾക്ക് കട്ടിൽ ജനറൽ,സാന്ത്വനം കട്ടിൽ വിതരണം എന്നീപദ്ധതികൾക്കാവശ്യമായ കട്ടിലുകൾ 3490/- രൂപ നിരക്കിൽ സ്മിത ഹാപ്പി ഫർണിച്ചേഴ്സ് എന്നവരിൽ നിന്ന് വാങ്ങുന്നതിനും വയോജനങ്ങൾക്ക് കട്ടിൽ എസ്സ്.സി എന്ന പദ്ധതിയിലുൾപ്പെട്ട് കട്ടിലുകൾ ഫൈൻ ലൈൻ വുഡ് ഫർണിച്ചേഴ്സ് വടക്കാഞ്ചേരി എന്നവരിൽ നിന്ന് വാങ്ങുന്നതിനും കമ്മിറ്റി തീരുമാനിച്ചു. ഇതിൻ പ്രകാരം വയോജനങ്ങൾക്ക് കട്ടിൽ(എസ്സ്.സി) വിതരണം ഫൈൻ ലൈൻ വുഡ് ഫർണിച്ചേഴ്സ് കട്ടിൽ വിതരണം നടത്തി. (ബിൽ നമ്പർ -62/18-19/13.3.19,425780/-,ഇൻവോയിസ് നമ്പ്ര 8/22.2.19,എണ്ണം 122),വയോജനങ്ങൾക്ക് കട്ടിൽ (ജനറൽ), 1,20വാർഡുകളിൽ "സാന്ത്വനം കട്ടിൽ വിതരണം എന്നിവ സ്മിത ഹാപ്പി എന്നവരുടെ ഉടമസ്ഥതയിലുള്ള എം.ഡി വുഡ് പാർക്ക്, ചൊവ്വൂർ എന്ന സ്ഥാപനം കട്ടിൽ വിതരണം നടത്തി. ബിൽ നമ്പർ യഥാക്രമം 66/18-19/20.3.19,425780/-(122എണ്ണം), 70/18-19/22.3.19,397860/-(114 എണ്ണം).

(എ)പ്രൊക്യൂർമെന്റ് കമ്മിറ്റിയിലും,പഞ്ചായത്ത് കമ്മറ്റിയിലും കട്ടിലിന്റെ ഗുണനിലവാരം എപ്രകാരം വിലയിരുത്തി എന്ന് വ്യക്തമാക്കിയിട്ടില്ല.ക്ഷമതയുള്ള ഉദ്യോഗസ്ഥർ പരിശോധിച്ച ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിരുന്നതായി കാണുന്നില്ല.

(ബി)ഗുണ നിലവാരത്തിന്റെ കാര്യത്തിൽ സ്മിത ഹാപ്പി എന്ന സ്ഥാപനം സമർപ്പിച്ച കട്ടിൽ പ്രൊക്യൂർമെന്റ് കമ്മിറ്റിയിലും ,പഞ്ചായത്ത് കമ്മറ്റിയിലും ഗുണനിലവാരം ഉയർന്നതാണെന്ന് വിലയിരുത്തിയിട്ടും ,ഗുണനിലവാരം കുറഞ്ഞ സാമ്പിൾ ഹാജരാക്കിയ ഫൈൻലൈൻ വുഡ് ഫർണിച്ചേഴ്സ് വടക്കാഞ്ചേരി എന്ന സ്ഥാപനത്തിന് കട്ടിൽ വിതരണം നടത്താൻ അനുവാദം നൽകി.ഇതിൽ നിന്നും ഈ പദ്ധതിയിൽ ഗുണനിലവാരം കുറഞ്ഞകട്ടിലുകൾ വിതരണം നടത്തി എന്നാണ് ഓഡിറ്റ് വിലയിരുത്തുന്നത്.

(സി)ടെണ്ടർ നിബന്ധനകൾ പ്രകാരമുള്ള സ്പെസിഫിക്കേഷനിലും,അളവിലും ,നിരക്കിലും ആവശ്യപ്പെടുന്ന സ്ഥലത്ത് ടെണ്ടർ പ്രകാരമുള്ള സാധനങ്ങൾ എത്തിച്ചു തരാൻ കഴിയും എന്നത് ടെണ്ടർ നിബന്ധനയുടെ ഭാഗമാണ്. ഈ നിബന്ധന അംഗീകരിച്ചുകൊണ്ടാണ് ടെണ്ടറിൽ പങ്കെടുക്കുന്നതും കരാറിൽ ഏർപ്പെടുന്നതും.ടെണ്ടറിൽ ഏർപ്പെട്ടതിന് ശേഷം കരാറുകാരന് നൽകാൻ സാധിക്കാതെ വരുന്ന സാഹചര്യത്തിൽ ടെണ്ടർ നടപടികൾകളുടെ ലംഘനമായി ആയി കണ്ട് നിയമനടപടികൾ സ്വീകരിക്കുവുന്നതാണ്. മൂന്ന് പദ്ധതികൾക്കും കൂടി കട്ടിലുകൾ വിതരണം നടത്തുവാൻ കഴിയില്ലഎന്ന് കരാറുകാർ അറിയിച്ചിട്ടില്ല.ഈ സാധ്യതകൾ നിലനിൽക്കെ കാലതാമസം ഉണ്ടാകുമെന്ന നിഗമനത്തിൽ ഗുണനിലവാരം കുറഞ്ഞകട്ടിലുകൾ വിതരണം നടത്തിയത് ഉചിതമായ നടപടിയായി വിലയിരുത്തുന്നില്ല.

4)1,20വാർഡുകളിൽ "സാന്ത്വനം കട്ടിൽ വിതരണ പദ്ധതി (125/19) എന്ന ഒരു പ്രോജക്ട് കൂടി നടപ്പാക്കികാണുന്നു.സ.ഉ (കൈ) നം. 22/2018/തസ്വഭവ തീ.14.02.18 7.1.13(2) 60 വയസ്സുകഴിഞ്ഞവയോജനങ്ങൾക്ക് യൂണിറ്റ് ചെലവ് പരമാവധി 4350/- നിരക്കിൽ(സ്പെസിഫിക്കേഷനോട് കൂടി) കട്ടിൽ എന്ന പദ്ധതി നടപ്പാക്കാവുന്നതാണ്.ഇതിൻ പ്രകാരം ജനറൽ എസ്.സി വിഭാഗങ്ങൾക്കായി രണ്ട് പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്.ഇവ കൂടാതെയാണ് 1,20വാർഡുകളിൽ "സാന്ത്വനം കട്ടിൽ വിതരണ പദ്ധതി നടപ്പാക്കിയിരിക്കുന്നത്.ഇപ്രകാരം ഒരു പദ്ധതി സർക്കാർ മാർഗ്ഗരേഖയിൽ ഉൾപ്പെടുത്തികാണുന്നില്ല.പദ്ധതി രൂപീകരണ ഫോറത്തിൽ 1,20 വാർഡുകളിൽ 100000/-രൂപ വരെ വരുമാന പരിധിയുള്ള 60 വയസ്സിന് മുകളിലുള്ള വയോജനങ്ങൾക്ക് കട്ടിൽ നല്കുന്നതിന് പരമാവധി 4350രൂപ നൽകുകയും ബാക്കി തുക ഗുണഭോക്തൃവിഹിതമായി സ്വീകരിച്ചുകൊണ്ട് കട്ടിൽ വിതരണം നടത്തുവാനുമാണ് പദ്ധതികൊണ്ട് ഉദ്ദേശിച്ചിരിക്കുന്നത്.യൂണിറ്റ് കോസ്റ്റ് 6000/-രൂപയും ,പദ്ധതി അടങ്കൽ 552000(400200വികസന ഫണ്ട്+151800 ഗുണഭോക്തൃവിഹിതം )രൂപയായും നിശ്ചയിച്ച് പദ്ധതി ആസൂത്രണം ചെയ്തിട്ടുള്ളത്.എന്നാൽ പദ്ധതി നടപ്പാക്കിയത് എസ്.സി,ജനറൽ പദ്ധതികൾക്ക് അനുസൃതമായാണ്. ഒരേപദ്ധതിയുടെ ധനസഹായം വ്യത്യസ്ത മാനദണ്ഡങ്ങൾ നിർണ്ണയിച്ച് പഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ വ്യത്യസ്ത നിരക്കിലും ഗുണനിലവാരത്തിലും (വിവിധനിരക്കിൽകട്ടിൽ) വിതരണം ചെയ്യുന്നത് എല്ലാവർക്കും തുല്യത എന്ന സാമൂഹ്യ നീതി നിഷേധ മാണ്. സർക്കാർ മാർഗ്ഗരേഖ നിർദ്ദേശങ്ങൾക്ക് വിരുദ്ധവുമാണ്.ഇപ്രകാരം പദ്ധതി നടപ്പാക്കുന്നതിന് സർക്കാർ ഉത്തരവുകൾ/സർക്കുലർ നിലവിൽ ഉണ്ടെങ്കിൽ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.മേൽ അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറി 12/27.11.19 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല)

# 1-28 ഭവന നിർമ്മാണം - ആദ്യഗഡു കൈപ്പറ്റി,തുടർ ഗഡുക്കൾ കൈപ്പറ്റി ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല

പ്രേജക്ട് -ലൈഫ് ഭവന പദ്ധതി (ജനറൽ), S0110/19
നിർവ്വഹണം -വി ഇ ഒ

അടങ്കൽ -4000000/-

ചെലവ് -1940000/-

ലൈഫ് ഭവന പദ്ധതി പ്രാകാരം 2018-19 വർഷത്തിൽ കരാറിൽ ഏർപ്പെട്ട് ഭവന നിർമ്മാണം ആരംഭിച്ച താഴെപ്പറയുന്ന ഗുണഭോക്താക്കൾ നാളിതുവരെ (ഓഡിറ്റ് കാലയളവ് 11/19ലും ) ഭവന നിർമ്മാണം പൂർത്തീകരിച്ച് അവസാന ഗഡുകൈപ്പറ്റിയിട്ടില്ല.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് വിവരം | കൈപ്പറ്റിയ തുക | ബിൽ /ചെക്ക് നമ്പർ | അഭിപ്രായം |
|---|---|---|---|---|
| 1 | സ്മിത കളരിക്കൽ, വാർഡ് 8<br>24/07/18ന് ഭവനനിർമ്മാണം സംബന്ധിച്ച കരാറിൽ ഏർപ്പെട്ടു | 40000 | ട്രഷറി ബിൽ 6/18-19/2.08.18,<br>240000/- | പഞ്ചായത്ത് കമ്മറ്റിയുടെ 30.01.19 ലെ2(21) തീരുമാനത്തിൽ ടിയാൾ നിർവ്വഹണ ഉദ്യോഗസ്ഥന്റെ അറിവില്ലാതെ സ്ഥലം |

| | | | | |
|---|---|---|---|---|
| | | | | വിറ്റതായും ആയതിന്റെ അടിസ്ഥാനത്തിൽ അനുവദിച്ച 40000/-രൂപ തിരിച്ചടക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് വി.ഇ.ഒ ചുമതലപ്പെടുത്തിക്കൊണ്ടും തീരുമാനിച്ചു |
| 2 | തങ്കമണി വലിയങ്ങോട് വീട് | 40000 | ചെക്ക് നമ്പർ 0243112/4.12.18 | 5/10/18ൽ കരാറിൽ ഏർപ്പെടുകയും ആദ്യഗഡു കൈപ്പറ്റുകയും ചെയ്തിട്ടുണ്ട്. വീടുപണി പൂർത്തീകരിക്കുന്നതിനോ അല്ലെങ്കിൽ അനുവദിച്ച തുക പലിശ സഹിതം അടവാക്കുന്നതിനോ 20/3/19 ൽ വി.ഇ.ഒ കത്ത് നൽകി കാണുന്നു |

മേൽരണ്ട് ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം പൂർത്തീകരിക്കുന്നതിനോ അല്ലാത്ത പക്ഷം നൽകിയതുക തിരികെ ഈടാക്കി കൺസോളിഡേറ്റഡ് ഫണ്ടിൽ അടവാക്കുന്നതിനോ ഉള്ള നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-29 കൃഷ്ണൻമാസ്റ്റർ റോഡ് കോൺക്രീറ്റിങ്ങ്-പാതിവഴിയിൽ ഉപേക്ഷിച്ച പ്രവൃത്തി

നിർവ്വഹണോദ്യോഗസ്ഥൻ-അസി.എഞ്ചിനീയർ

അടങ്കൽതുക-7,00,000 രൂപ

കരാറുകാരൻ-ജയൻ.വി.ടി

അളവുപുസ്തകം-226/2016-17

ട്രഷറി ബിൽ നമ്പർ/തുക-ഫസ്റ്റ്&പാർട്ട് ബിൽ-72,792/-(19/2018-19തിയതി-31-7-2018)

സെക്കന്റ്&പാർട്ട് ബിൽ-1,82,731/-(61/2018-19തിയതി-19-3-19)

മേൽ പ്രവൃത്തിക്ക് 2018-19വർഷം 2,55,522/-രൂപ വിനിയോഗിച്ചു.പ്രവൃത്തി പൂർത്തീകരിച്ചതുമായി യാതൊരു രേഖകളും ഫയലിൽ കാണുന്നില്ല. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 14/27-11-19-ന് ലഭ്യമാക്കിയ മറുപടി താഴെച്ചേർക്കുന്നു.റോഡിന്റെ സൈഡ് പ്രൊട്ടക്ഷൻ നടത്തി റോഡ് കോൺക്രീറ്റിങ്ങ് ചെയ്യുന്നതിനാണ് പ്രോജക്ട് ലക്ഷ്യമിട്ടിരുന്നത്.റോഡിനെ സംബന്ധിച്ച അതിർത്തി തർക്കം മൂലം പ്രവൃത്തി പൂർത്തീകരിക്കുവാൻ സാധിച്ചില്ല.2019-20 വർഷം സ്പിൽ ഓവർ പദ്ധതിയിൽ ഉൾപ്പെടുത്തിയെങ്കിലും അതിർത്തി തർക്കം മൂലം പ്രവൃത്തി പൂർത്തീകരിക്കുവാൻ സാധിച്ചില്ല.ആസ്തി രജിസ്റ്റർ കാലികമല്ലാത്തതിനാൽ റോഡ് പഞ്ചായത്തിന്റെ ആസ്തിയാണോയെന്ന് പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.റോഡിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച തർക്കം എത്രയും വേഗം അവസാനിപ്പിച്ച് പാതിവഴിയിൽ ഉപേക്ഷിച്ച പ്രവൃത്തി പൂർത്തീകരിക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇക്കാര്യത്തിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

# 1-30 ആയുർവ്വേദാശുപത്രി നിർമ്മാണം പൂർത്തീകരിച്ചില്ല

നിർവ്വഹണോദ്യോഗസ്ഥൻ-അസി.എഞ്ചിനീയർ/സെക്രട്ടറി

2016-17 വർഷം കരാറിൽ ഏർപ്പെട്ട പ്രവൃത്തിക്ക് 2018-19 വർഷം അസി.എഞ്ചിനീയർ 13,43,550/-രൂപയും സെക്രട്ടറി 107,947/-രൂപയും ചെലവഴിച്ചെങ്കിലും നാളിതുവരെയായി കെട്ടിടം പ്രവർത്തനസജ്ജമായിട്ടില്ല.ഇതുസംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ-18/28-11-19 ന് ലഭിച്ച മറുപടി ഇപ്രകാരമായിരുന്നു. ആശുപത്രി പ്രവർത്തനം ആരംഭിക്കുന്നതിന് റാമ്പ്, ഹാന്റ് റെയിൽ, ചുറ്റുമതിൽ, മുൻഭാഗത്ത് ഗ്രിൽ എന്നിവ ആവശ്യമാണെന്ന് മെഡിക്കൽ ഓഫീസർ ആവശ്യപ്പെട്ടിരുന്നു.

എന്നാൽ റിവൈസ്ഡ് എസ്റ്റിമേറ്റിൽ വീണ്ടും പുതിയ ഇനങ്ങളായ മേൽ പ്രവൃത്തികൾ ഉൾപ്പെടുത്തുവാൻ സാധിച്ചില്ല. 2019-20 വാർഷികപദ്ധതിയിൽ ഉൾപ്പെടുത്തി മേൽ പ്രവൃത്തികൾക്കായി 4,00,000/- രൂപ വകയിരുത്തിയിട്ടുണ്ട്. പ്രോജക്ടിന്റെ ലക്ഷ്യപ്രാപ്തി കൈവരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-31 ധനകാര്യ കമ്മീഷൻ അവാർഡ് പദ്ധതി മാർഗ്ഗരേഖയ്ക്കു വിരുദ്ധമായി ചെലവഴിച്ചു

| | |
|---|---|
| പ്രോജക്ട് | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്, ബത്ത നല്കൽ/88/19 (ജനറൽ) |
| ഫണ്ട് | 52400 (വികസനം ജനറൽ)<br>1020000(ധനകാര്യ കമ്മീഷൻ അവാർഡ്)<br>150000 (ബ്ലോക്ക് പഞ്ചായത്ത്)<br>150000(ജില്ല പഞ്ചായത്ത്) |
| അടങ്കൽ | 1372400- |
| ചെലവ് | 1372400/- |
| നിർവ്വഹണം | ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| ബിൽ നമ്പർ | 1)37/18-19/29.11.18,തുക-445600/-<br>2)41/18-19/10.12.18,തുക-43700/-<br>3)45/18-19/18.12.18,തുക-96700/-<br>4)64/18-19/19.03.19,തുക-52400/-<br>5)67/18-19/19.03.19,തുക -40700/-<br>6)ചെക്ക് നം.0243119/20.3.19-150000/-<br>ജില്ല പഞ്ചാ.വിഹിതം<br>7)ചെക്ക്-0243118/20.03.19,<br>150000/-ബ്ലോക്ക് പഞ്ചാ.വിഹിതം |

മേൽ പദ്ധതിയ്ക്കായി 1020000/- ധനകാര്യ കമ്മീഷൻ അവാർഡ് തുക ചെലവഴിച്ചിട്ടുണ്ട്.പദ്ധതി മാർഗ്ഗരേഖ ജി.ഒ (കൈ) നം.11/2018തീ.29.01.18 ഖണ്ഡിക 6.6 ൽ ഏതെല്ലാം അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും, വിപുലപ്പെടുത്തുന്നതിനും മാത്രമായി 14-ാം ധനകാര്യ കമ്മീഷൻ അവാർഡ് തുക ചെലവഴിക്കാം എന്ന് വ്യക്തമാക്കിയിട്ടുണ്ട്.ആയതിൽ ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്, ബത്ത നൽകൽ എന്ന പദ്ധതിയ്ക്ക് തുക വിനിയോഗിക്കുന്നത് സംബന്ധിച്ച് നിർദ്ദേശങ്ങൾ ഉൾപ്പെട്ട് കാണുന്നില്ല.പദ്ധതി മാർഗ്ഗരേഖയിൽ നിന്ന് വ്യതിചലിച്ച് തുക ചെലവഴിക്കുവാനുണ്ടായ കാരണം വ്യക്തമാക്കുവാൻ ഓഡിറ്റ് എൻക്വയറി 12/27.11.2019മുഖേന ആവശ്യപ്പെട്ടിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയില്ല.ഫണ്ട് വകമാറ്റി ചെലവഴിച്ചതിന് കാരണം വ്യക്തമാക്കേണ്ടതും,മാർഗ്ഗരേഖയിൽ നിഷ്കർഷിക്കുന്നപ്രകാരം ഫണ്ടുകൾ ചെലവഴിക്കുവാൻ ശ്രദ്ധക്കേണ്ടതുമാണ്.

## 1-32 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി-അവലോകനം

2018-19 വർഷത്തെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി സംബന്ധിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| 2018-19 വർഷത്തെ മൊത്തം അടങ്കൽ | 55324179 |
| 2018-19 വർഷത്തെആകെ വരവ് | 25721641 |
| 2018-19 വർഷത്തെ ആകെ ചെലവ് | 25721641 |
| 2018-19 വർഷത്തെ വർഷാന്ത്യ നീക്കിയിരിയിപ്പ് | 0 |
| 2018-19വർഷത്തിൽ വിഭാവനം ചെയ്ത പദ്ധതികളുടെ എണ്ണം | 302 |
| 2018-19 വർഷത്തിൽ പൂർത്തിയാക്കിയ പദ്ധതികളുടെ എണ്ണം | 165 |
| മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം വിതരണം ചെയ്ത തൊഴിൽ കാർഡുകളുടെ എണ്ണം | 3603 |
| 2018-19 വർഷത്തിൽ സൃഷ്ടിച്ച തൊഴിൽ ദിനങ്ങൾ | 83186 |
| പട്ടികജാതി | 39698 |
| പട്ടികവർഗ്ഗം | 0 |
| മറ്റുള്ളവർ | 43488 |
| സ്ത്രീകൾ | 77588 |
| പുരുഷൻമാർ | 5598 |
| ആകെ | 83186 |
| 2018-19 വർഷത്തിൽ തൊഴിൽ ലഭ്യമായ കുടുംബങ്ങളുടെ എണ്ണം | 846 |
| 2018-19 വർഷത്തിൽ 100 തൊഴിൽ ദിനങ്ങൾ പൂർത്തിയാക്കിയ കുടുംബങ്ങളുടെ എണ്ണം | 511 |
| മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം 2018-19 വർഷത്തിൽ തൊഴിൽ രഹിത വേതനം വിതരണം ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം | തൊഴിൽ രഹിത വേതനം വിതരണം ചെയ്തിട്ടില്ല. |
| മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം 2018-19വർഷത്തിൽ വിതരണം ചെയ്ത വേതനം | 22639459 |
| 2018-19 വർഷത്തിൽ പൂർത്തിയാക്കിയ സ്ഥിര ആസ്തികൾ സംബന്ധിച്ച വിവരം | പദ്ധതി അടങ്കൽ, ചെലവ്, സാധന ഘടകം, വേതന ഘടകം എന്നിവ പ്രത്യേകം ഉൾപ്പെടുത്തേണ്ടതാണ് |
| | അടങ്കൽ – 5003500<br>വേതനം – 155012<br>സാധനഘടകം – 2648628<br>ആകെ – 2803640 |

പദ്ധതികൾ സംബന്ധിച്ച വിവരം

| പദ്ധതികൾ ഉൾപ്പെടുന്ന വിഭാഗം | നടപ്പിലാക്കിയ പദ്ധതികളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|
| മണ്ണ്, ജല സംരക്ഷണം | 23 | 719948 |
| വരൾച്ച തടയൽ, വനവത്കരണം | 5 | 341383 |
| ചെറുകിട ജലസേചനം | 67 | 10546048 |
| പട്ടിക ജാതി, പട്ടികവർഗ്ഗം തുടങ്ങിയവരുടെ ഭൂമിയിൽ ജലസംരക്ഷണം | 0 | 0 |
| പരമ്പരാഗത ജലസ്രോതസ്സുകളുടെ പുനരുദ്ധാരണം | 1 | 2168 |
| ഭൂവികസനം | 57 | 9100787 |
| വെള്ളപ്പൊക്ക നിയന്ത്രണ നിവാരണ പ്രവർത്തനങ്ങൾ | 0 | 0 |
| മറ്റുള്ളവ | 104 | 4462979 |
| ആകെ | 257 | 25173313 |

# 1-33 കമ്മ്യൂണിറ്റി ഹാൾ വാടക വർദ്ധിപ്പിച്ചത് അടവാക്കിയിട്ടില്ല.

09/05/18 -ാം തിയ്യതിയിലെ 4-ാം നമ്പർ കമ്മിറ്റി തീരുമാനപ്രകാരം കമ്മ്യൂണിറ്റി ഹാൾ വാടക പുതുക്കി നിശ്ചയിച്ചിട്ടുണ്ട്.ആയതിന്റെ പ്രാബല്യ തിയ്യതി 01/06/2018-ാം മുതൽക്കാണ്.എന്നാൽ 01/06/2018 മുമ്പ് ബുക്ക് ചെയ്യുകയും 01/06/2018 ശേഷം കമ്മ്യൂണിറ്റി ഹാൾ ഉപയോഗിക്കുകയും ചെയ്ത അപേക്ഷകർ പുതുക്കിയ തുക അടവാക്കിയതായി കാണുന്നില്ല.

| | അപേക്ഷക നം | അപേക്ഷകൻ | പുതുക്കിയ വാടകയിൽ അടവാക്കേണ്ട തുക |
|---|---|---|---|
| 1 | ബി2/5996/18 | സനു, പുത്തൻ പുരയ്ക്കൽ | 1360 |
| 2 | ബി2-3143/18 | കമറുദ്ദീൻ, മേലകത്ത് | 6440 |
| 3 | ബി2-4380/18 | ഹംസ, മേലിക്കാട്ടിൽ | 7540 |
| 4 | ബി2-7629/18 | വടക്കൂട്ട് കൃഷ്ണൻകുട്ടി | 3220 |
| 5 | ബി2-4789/18 | ബഷീർ എസ്.കെ സേവൻകുഴി | 6040 |
| 6 | ബി2-2903/18 | പ്രഭാകരൻ,ചെമ്പൻ | 7540 |
| 7 | ബി2-5421/18 | ഷംസുദ്ദീൻ, കറപ്പംവീട്ടിൽ | 7540 |
| 8 | ബി2-5038/18 | വാസുദേവൻ കെ.ആർ, കരുകാശി | 10060 |
| 9 | ബി2 11/18 | സുരേഷ് കുമാർ സി.എസ്, ചേന്ദംകുളങ്ങര | 7540 |

ഗ്രാമപഞ്ചായത്ത് കുറവായ തുക അടയ്ക്കുന്നതിന് നോട്ടീസ് നൽകിയിട്ടുണ്ടെങ്കിലും നാളിതു വരെയായി അടവാക്കിയിട്ടില്ല.ആയതിനാൽ ഈ തുക പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-34 ഫോറസ്റ്റ് കൺസർവേറ്ററുടെ വാല്യുവേഷനേക്കാൾ കുറഞ്ഞനിരക്കിൽ മരം ലേലം ചെയ്തു.

ഒന്നാം വാർഡിലെ പൂത്തറയ്ക്കൽ കമ്മ്യൂണിറ്റി ഹാളിന് സമീപമുള്ള(നഴ്സറി സ്കൂളിലെ) മരങ്ങൾ 15/11/18-ാം തിയ്യതിയിൽ പുനർലേലം ചെയ്തിരുന്നു.26/11/18-ാം തിയ്യതിയിലെ തീരുമാനം 12(1) പ്രകാരം പ്ലാവിന് 10900/-രൂപയ്ക്കും പൂമരത്തിന് 1100/- രൂപയ്ക്കും ലേലം ശ്രീ.എം.പി ജോർജ്ജ്,മേനാച്ചേരി വീട് എന്നയാൾക്ക് ഉറപ്പിച്ചു നൽകി.

അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്ററുടെ വാല്യുവേഷൻ പ്രകാരം പ്ലാവിന് 34216/- രൂപയും,പൂമരത്തിന് 7041/- രൂപയുമാണ് കണക്കാക്കിയിട്ടുള്ളത്.24/5/2018,12/6/18,26/6/18 എന്നി തിയ്യതികളിൽ ഈ മരം ലേലം നടത്തിയെങ്കിലും ആരും ലേലം കൊണ്ടില്ല.24/5/2018 ലെ ലേലത്തിന്റെ അടിസ്ഥാനത്തിൽ കത്ത് നം എ3-5236/17 തി 31/5/18 പ്രകാരം സെക്രട്ടറി,ബഹു. നാട്ടിക എം.എൽ.എ യ്ക്ക് എഴുതിയ കത്തിൽ വാല്യുവേഷനേക്കാൾ 5000/- രൂപ കുറവിൽ ലേലം കൊള്ളുന്നതിന് ലേലത്തിൽ പങ്കെടുത്തവർ തയ്യാറായിട്ടുള്ള സാഹചര്യത്തിൽ ലേലം മറ്റൊരു ദിവസത്തേയ്ക്ക് മാറ്റി വയ്ക്കുന്നതിനും വാല്യുവേഷനിൽ വ്യത്യാസം വരുത്തുന്നതിന് സാമൂഹ്യ വനവത്ക്കരണ വിഭാഗത്തിന് കത്തു നൽകുന്നതിനും തീരുമാനിച്ചതായി അറിയിച്ചിട്ടുണ്ട്.എന്നാൽ 12/6/18,26/6/18 എന്നി തിയ്യതികളിൽ നടന്ന ലേലങ്ങളിൽ ലേല തുക കുറച്ച് ലേലം നടത്തിയതായി കാണുന്നില്ല.

30/7/18-ാം തിയ്യതിലെ കമ്മിറ്റി തീരുമാന പ്രകാരം പ്രസ്തുത മരങ്ങൾ 24/5/2018,12/6/18,26/6/18 എന്നി തിയ്യതികളിൽ ലേലം നടത്തിയെങ്കിലും ആരും ലേലം കൊണ്ടില്ല എന്നതിനാൽ മരങ്ങൾ മുറിച്ചു മാറ്റുന്നതിന് സെക്രട്ടറി ചുമതലപ്പെടുത്തിയതായി കാണുന്നു. മരം മുറിച്ചുമാറ്റുന്നതിനുള്ള തുക തനതുഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. ഇങ്ങനെ മുറിച്ചു മാറ്റിയ മരങ്ങളാണ് 15/11/18-ാം തിയ്യതിയിൽ പുനർലേലം ചെയ്തതും, 26/11/18-ാം തിയ്യതിയിലെ തീരുമാനം 12(1) പ്രകാരം പ്ലാവിന് 10900/- രൂപയ്ക്കും പൂമരത്തിന് 1100/- രൂപയ്ക്കും ലേലം ശ്രീ.എം.പി ജോർജ്ജ്, മേനാച്ചേരി വീട് എന്നയാൾക്ക് ഉറപ്പിച്ചു നൽകുകയും ചെയ്തത്. അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്ററുടെ വാല്യുവേഷനേക്കാൾ 50% ത്തിൽ താഴെ കുറഞ്ഞനിരക്കിലാണ് പ്രസ്തുത മരങ്ങൾ ലേലം ചെയ്തിട്ടുള്ളത്. ഇതുമായി ബന്ധപ്പെട്ട് ഓഡിറ്റ് എൻക്വയറി 20/28.11.19 നൽകിയെങ്കിലും, മറുപടിയൊന്നും ലഭ്യമാക്കിയില്ല. അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്ററുടെ വാല്യുവേഷനേക്കാൾ 50% ത്തിൽ താഴെ കുറഞ്ഞനിരക്കിൽ ലേലം ചെയ്തത് ഗ്രാമപഞ്ചായത്തിന് നഷ്ടമുണ്ടാക്കിയതായി ഓഡിറ്റ് വിലയിരുത്തുന്നു. ആയതിനാൽ ഇത്തരത്തിലുള്ള നടപടികൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്

# ഭാഗം -4

# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2017-18 | 220273 | പ്രാരംഭ ബാക്കി | 0 | 220273 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 120000 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 0 | 120000 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 200000 | അംഗനവാടി പോഷകാഹാരം | 200000 | 0 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 150000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് ബത്ത നൽകൽ(ജനറൽ) | 150000 | 0 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 955423 | ലൈഫ് ഭവനപദ്ധതി (ജനറൽ) | 955423 | 0 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 200000 | ഭിന്നശേഷിക്കാർക്ക് ഉപകരണങ്ങൾ | 200000 | 0 |
| | | | | | |

| | | | | | |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 49205 | പ്രാരംഭബാക്കി | 0 | 49205 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 50000 | പാലിന് സബ്സിഡി | 50000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 800000 | നെൽകൃഷിക്ക് കൂലി ചെലവ് സബ്സിഡി | 800000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 150000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് ബത്ത നൽകൽ | 150000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 390335 | ലൈഫ് ഭവനനിർമ്മാണം | 0 | 390335 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 1020967 | ലൈഫ് ഭവനനിർമ്മാണം(ജനറൽ) | 1020967 | 0 |
| | 2018-19 | 150000 | ചെറുകുളം പാടശേഖരത്തിന് പെട്ടിപറ | 0 | 150000 |
| | 2018-19 | 500000 | എട്ടുമന തെക്കുമുറി കുളിക്കടവ് നവീകരണം | 0 | 500000 |
| | 2018-19 | 500000 | തെക്കുംപാടം ചാലിന്റെ സൈഡ്കെട്ടൽ | 283139 | 216861 |
| | 2018-19 | 37500 | അഗതിരഹിത കേരളം പദ്ധതി വിഹിതം നൽകൽ | 0 | 37500 |
| | 2018-19 | 40800 | ചൊവ്വൂർ താഴംതരിശ് കൃഷിയോഗ്യമാക്കൽ | 40800 | 0 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബില നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കൽ | - | 175112 | - | 0175112 |
| കേരളവാട്ടർ അതോറിറ്റി | സ്ഥാപിക്കൽ വിവിധ പട്ടികജാതികോളനികളിലേക്ക് കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | | 392400 | 0 | 392400 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

# 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക (തൻ വർഷം) | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| ലൈഫ് ഭവന പദ്ധതി (ഹഡ്കോ) | 392400ജി.ഒ (എം.എസ്) നം.68/2018/ എൽഎസ്ജിഡി തീ.18/05/18 | 2920000 | 0 | 0 | - | 2920000 |
| ജവഹർ പഞ്ചായത്ത് ഭവന പദ്ധതി | 256/ഡി.ബി.1/ 15/ത.സ്വ.ഭ.വ., 23.9.2015 | ലോൺ രജിസ്റ്റർ പ്രകാരം 20000000 | 7400000 | 2248000 | - | 5152000 |

# 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 9660 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 9660 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 9660 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെകൊടുക്കുന്നു

| ക്രമനം. | നിക്ഷേപത്തിന്റെ പേര് | നിക്ഷേപിച്ച തിയ്യതി | കാലയളവ് | തുക |
|---|---|---|---|---|
| 1 | ചേർപ്പ് സർവ്വീസ് സഹകരണ ബാങ്ക് | 5000 രൂപ | 28-10-2019 | 5000 |
| 2 | KSFE ചേർപ്പ് | 4660 രൂപ | | 4660 |
| | ആകെ | 9660 രൂപ | | |

# 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

# 4-7 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 109505716.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 84078946.00 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ | ഇല്ല |

| | |
|---|---|
| അംഗീകരിക്കാത്ത തുക | |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 85818 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-21 | 6197 | കവിത ജി, കൃഷി ഓഫീസർ |
| 1-24 | 79621 | സുമ ഒ.എസ് ,ഹെഡ്മിസ്ട്രസ്സ് |
| ആകെ | 85818 | |

സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ഇല്ല

# 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

| ഓഡിറ്റ് വർഷം, ഖണ്ഡിക നമ്പർ | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|---|
| 2014-15 | 2016-17 | 2-2 | സ്ഥാപന തൊഴിൽ നികുതി അടവാക്കാത്തത് | തുടർ നടപടി പരിഹാര പത്രികസമർപ്പിച്ചു |
| 2015-16 | 2016-17 | 2-6, 2-7 | തൊഴിൽ നികുതി അപാകതകൾ സംബന്ധിച്ച് | തുടർ നടപടി പരിഹാര പത്രികസമർപ്പിച്ചു |

# 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക സമാഹൃത റിപ്പോർട്ട് വർഷം<br><br>ഖണ്ഡിക വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|
| 84-85,85-86,86-87,<br><br>87-88,88-89,89-90, 90-91,91-92,92-93, 93-94,94-95,95-96 | എൽ.എഫ്.ടി(എസ്2)-795/11/ 25.07.11/ 01.10.11 | |
| 1996-97 | എൽ.എഫ്.ടി 15-1727/97 തിയതി 15.05.98 | |

| | | |
|---|---|---|
| 1997-98 | എൽ.എഫ്.ടി 15-843/2000 തിയതി 04.07.00 | |
| 1998-99 | എൽ.എഫ്.ടി 15-850/2000 തിയതി 09.11.00 | |
| 1999-00 (ചെലവ്) | എൽ.എഫ്.ടി 15-715/03 തിയതി 05.12.03 | |
| 1999-00 (വരവ്) | എൽ.എഫ്.ടി 15-411/06/ തിയതി 20.01.06 | |
| 2000-01 | എൽ.എഫ്.ടി15-729/05/ 22.12.05 | |
| 2001-02 | എൽ.എഫ്.ടി15-728/05/ 20.01.06 | |
| 2002-03 | എൽ.എഫ്.ടി15-267/06/ 06.08.06 | |
| 2003-04 | എൽ.എഫ്.ടി15-2791/07/ 16.04.07 | |
| 2004-05 | എൽ.എഫ്.ടി15-1701/06/ 02.06.10 | |
| 2005-06 | എൽ.എഫ്.ടി15-1702/06/ 02.06.10 | |
| 2006-07 | എൽ.എഫ്.ടി15-536/10/ 29.01.11 | |
| 2007-08 | എൽ.എഫ്.ടി15-539/10/ 29.01.11 | |
| 2008-09 | എൽ.എഫ്.ടി15-556/11/ 11.10.11 | |
| 2009-10 | എൽ.എഫ്.ടി. പി9-857/11/ 11.10.11/04.11.11 | |
| 2010-11 | എൽ.എഫ്.ടി.പി.2-2297/12തിയതി 14.02.13/15.06.13 | |
| 2011-12 | എൽ.എഫ്.ടി.പി.2-352/13 തിയതി 07.08.13/ 06.12.13 | |
| 2012-13 | എൽ.എഫ്.ടി.പി.2-321/14 തിയതി 06.06.14/02.08.14 | |
| 2013-14 | എൽ.എഫ്.ടി.പി.2-1926/14 തിയതി 16.04.15/22.06.15 | |
| 2014-15 | കെ.എസ്.എ ടി.എസ്.ആർ (പി.2)605/16 തിയതി3.6.2016 | |
| 2015-16 | കെ.എസ്.എ ടി.എസ്.ആർ (പി.2)2079 /16 തിയതി16.12. 2016 | |
| 2016-17 | കെ.എസ്.എ ടി.എസ്.ആർ (പി.2) 1358/17 തിയതി.7.9.17/6.10.17 | |
| 2017-18 | കെ.എസ്.എ ടി.എസ്.ആർ (പി.2) 62/19 തിയതി.04.04.19 | |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

# അനുബന്ധം-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ.എസ്.എ-ടി.എസ്.ആർ (പി2)1784/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ - 680 020

ഫോൺ- 0487 2331249

e-mail: dotsr.ksad@kerala.gov.in

തീയതി.07/02/2020

1994- ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ് , 1994- ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തൃശ്ശൂർ ജില്ലയിലെ ചേർപ്പ് ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ വാർഷിക ധനകാര്യ പത്രിക സ്റ്റേറ്റുമെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ചേർപ്പ് ഗ്രാമപഞ്ചായത്തിന്റെ 2018-19 വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ.

# അനുബന്ധം - 2 ഓഡിറ്റ് സംക്ഷിപ്തം

| | സംക്ഷിപ്തം (AuditedAbstract) |
|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് |
| 3 | ബാലൻസ് ഷീറ്റ് |

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ല ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ